# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഉദുമ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ്എ കെഎസ്ഡി 8/592/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 28/09/2021
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉദുമ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ കെഎസ്ഡി 8/592/2021 തീയ്യതി: 28/09/2021

## കാസർഗോഡ് ജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജിതൻ.ടി.എൻ | ഡെപ്യൂട്ടി ഡയറക്ടർ | 04-08-2021 | 17-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-08-2021 | 17-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ഹരിവേണുഗോപാലൻ, ഓഡിറ്റർ
ശ്രീമതി ബിന്ദു.വി.വി., ഓഡിറ്റർ,
ശ്രീ രഘുനാഥൻ.കെ.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ വിനോദ് കുമാർ.വി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീ വിനീത് കുമാർ.കെ.പി.,ഓഡിറ്റ് ഓഫീസർ.

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| | | 01-04-2020 | 07-11-2020 |

| | | | |
|---|---|---|---|
| ശ്രീ കെ.എ.മുഹമ്മദാലി | പ്രസിഡന്റ് | | |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി | 08-11-2020 | 24-11-2020 |
| ശ്രീമതി ലക്ഷ്മി.പി | പ്രസിഡന്റ് | 25-11-2020 | 31-03-2021 |
| ശ്രീ ടി.പി. വേണുഗോപാൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2020 | 01-04-2020 |
| ശ്രീ ടി.പി. ശശീന്ദ്രൻ | സെക്രട്ടറി | 02-04-2020 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ടി.പി.വേണുഗോപാൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 12-06-2020 |
| ശ്രീ അനിൽ.എം.കെ. | അസിസ്റ്റന്റ് സെക്രട്ടറി | 13-06-2020 | 31-03-2021 |
| ശ്രീ ഷജിൻ.കെ.വി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ സുഗുണകുമാർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 04-09-2020 |
| ശ്രീ സുന്ൽ.കെ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 28-10-2020 | 31-03-2021 |
| ശ്രീമതി ജ്യോതി എൻ.പി | ICDS സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.ശ്രീജ.പി.പി | മെഡിക്കൽഫീസർ-GHD | 01-04-2020 | 31-03-2021 |
| ഡോ.ജയ.ജി | മെഡിക്കൽഓഫീസർ-ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ.സൂര്യനാരായണഭട്ട് | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ ഗോവിന്ദൻ.സി.വി | പ്രധാനാദ്ധ്യാപകൻ | 01-04-2020 | 31-03-2021 |
| ശ്രീ ഹനീഫ.പി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 26-11-2020 |
| ശ്രീമതി വിജുല.കെ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 27-11-2020 | 09-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി പ്രമീള.ഒ | ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | 10-03-2021 | 31-03-2021 |
| ബിന്ദു.പി | കൃഷിഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.മുഹമ്മദ് | മെഡിക്കൽഓഫീസർ-FHC | 01-04-2020 | 31-03-2021 |
| പ്രിയ. എ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 18-05-2020 |
| രമ്യ.ടി.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 19-05-2020 | 31-03-2021 |
| സുകുമാരൻ.കെ | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2020 | 04-08-2020 |
| വേണുഗോപാൽ.പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 17-08-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Vineeth Kumar K.P (Audit Officer, On 23-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന - നിരീക്ഷണങ്ങൾ<br>Written By: Vinod Kumar. V (Asst. Audit Officer, On 25-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-09-2021) | 1-2 |
| 3 | നോൺ റോഡ് മെയിന്റനൻസ് ഫണ്ടിന്റെ കണക്കിൽ പിശക്<br>Written By: Vinod Kumar. V (Asst. Audit Officer, On 25-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-09-2021) | 1-2-1 |
| 4 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ കണക്കാക്കിയതിന്റെ രേഖകൾ ഇല്ല<br>Written By: Vinod Kumar. V (Asst. Audit Officer, On 25-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-09-2021) | 1-2-2 |
| 5 | ഗുണഭോക്തൃ വിഹിതത്തിന്റെ കണക്കുകളിൽ പൊരുത്തക്കേടുകൾ<br>Written By: Vinod Kumar. V (Asst. Audit Officer, On 25-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-09-2021) | 1-2-3 |
| 6 | നേരിട്ട് ചെലവ് ചെയ്ത ഗുണഭോക്തൃ വിഹിതം കണക്കുകളിൽ പെടുത്തിയിട്ടില്ല.<br>Written By: Vinod Kumar. V (Asst. Audit Officer, On 25-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-09-2021) | 1-2-4 |
| 7 | തൊഴിലുറപ്പ് പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുകയുടെ കണക്കിൽ വ്യത്യാസം<br>Written By: Vinod Kumar. V (Asst. Audit Officer, On 25-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-09-2021) | 1-2-5 |
| 8 | സംയുക്ത പദ്ധതികളുടെ കണക്കുകളിൽ സുലേഖയും സാംഖ്യയും തമ്മിൽ പൊരുത്തക്കേട്<br>Written By: Vinod Kumar. V (Asst. Audit Officer, On 25-08-2021)<br>Last Updated By: Vinod Kumar. V (Asst. Audit Officer, On 19-09-2021) | 1-2-6 |
| 9 | ബാദ്ധ്യതാ കണക്കിൽ 12/2015 ന് ചേർത്ത തുക പുന പരിശോധിക്കേണ്ടതാണ്<br>Written By: Vinod Kumar. V (Asst. Audit Officer, On 25-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-09-2021) | 1-2-7 |
| 10 | കോവിഡ് 19- മാറ്റി വയ്ക്കപ്പെട്ട ശമ്പള ബാദ്ധ്യതയും - അക്കൗണ്ടിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല<br>Written By: Vinod Kumar. V (Asst. Audit Officer, On 25-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-09-2021) | 1-2-8 |
| 11 | വിദ്യാസഹായി പദ്ധതിക്കായി ലഭിച്ച തുക ചെലവ് ചെയ്തു- ബാദ്ധ്യത ക്രമീകരിച്ചിട്ടില്ല.<br>Written By: Vinod Kumar. V (Asst. Audit Officer, On 25-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-09-2021) | 1-2-9 |
| 12 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ പിശക്<br>Written By: Vinod Kumar. V (Asst. Audit Officer, On 25-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-09-2021) | 1-2-10 |
| 13 | അക്കൗണ്ട്സ് - ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പോരായ്മകൾ<br>Written By: Vinod Kumar. V (Asst. Audit Officer, On 25-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-09-2021) | 1-2-11 |

| | | |
|---|---|---|
| 14 | സാമ്പത്തികനില<br>Written By: Vineeth Kumar K.P (Audit Officer, On 23-08-2021)<br>Last Updated By: Vinod Kumar. V (Asst. Audit Officer, On 19-09-2021) | 1-3 |
| 15 | വിവിധ ഫണ്ടുകളുടെ വിനിയോഗ വിവരം<br>Written By: Vinod Kumar. V (Asst. Audit Officer, On 24-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-09-2021) | 1-4 |
| 16 | ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം<br>Written By: Vineeth Kumar K.P (Audit Officer, On 23-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 09-09-2021) | 1-5 |
| 17 | തൊഴിലുറപ്പുപദ്ധതി<br>Written By: Vineeth Kumar K.P (Audit Officer, On 24-08-2021)<br>Last Updated By: Vinod Kumar. V (Asst. Audit Officer, On 19-09-2021) | 1-6 |
| 18 | ക്ഷേമപദ്ധതികൾ<br>Written By: Vineeth Kumar K.P (Audit Officer, On 24-08-2021)<br>Last Updated By: Hari Venugopalan K V (Auditor, On 25-08-2021) | 1-7 |
| 19 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Hari Venugopalan K V (Auditor, On 17-08-2021)<br>Last Updated By: Hari Venugopalan K V (Auditor, On 17-08-2021) | 1-8 |
| 20 | ആഭ്യന്തരനിയന്ത്രണം<br>Written By: Vineeth Kumar K.P (Audit Officer, On 24-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 09-09-2021) | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Vineeth Kumar K.P (Audit Officer, On 24-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 09-09-2021) | 1-10 |
| 22 | ലൈസൻസ് - അപാകതകൾ<br>Written By: Hari Venugopalan K V (Auditor, On 18-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 09-09-2021) | 1-11 |
| 23 | തൊഴിൽ നികുതി - അപാകതകൾ<br>Written By: Hari Venugopalan K V (Auditor, On 18-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 09-09-2021) | 1-12 |
| 24 | വസ്തു നികുതി കുടിശ്ശിക - പൊരുത്തക്കേടുകൾ<br>Written By: Hari Venugopalan K V (Auditor, On 18-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 09-09-2021) | 1-13 |
| 25 | തെരുവ് വിളക്ക് അറ്റകുറ്റ പണിയും സാധനങ്ങൾ വാങ്ങിക്കലും പദ്ധതി<br>Written By: Raghunadhan. K (Asst. Audit Officer, On 18-08-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 19-09-2021) | 1-14 |
| 26 | മേൽബാര കുടിവെള്ള പദ്ധതി -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Raghunadhan. K (Asst. Audit Officer, On 18-08-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 19-09-2021) | 1-15 |
| 27 | പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതി വാഹന വാടക - അംഗീകരിച്ചതിലും അധിക നിരക്ക് അനുവദിച്ചു.<br>Written By: Hari Venugopalan K V (Auditor, On 18-08-2021)<br>Last Updated By: Hari Venugopalan K V (Auditor, On 21-09-2021) | 1-16 |
| 28 | തുടർസാക്ഷരത പഠിതാക്കളുടെ ഫീസ് നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Hari Venugopalan K V (Auditor, On 18-08-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 19-09-2021) | 1-17 |
| 29 | ഔഷധിയിൽ നിന്നും ആയുർവേദ മരുന്നുകൾ വാങ്ങിയത്- മരുന്നു ലഭിക്കാൻ കാലതാമസം നേരിടുന്നു.<br>Written By: Vinod Kumar. V (Asst. Audit Officer, On 24-08-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 19-09-2021) | 1-18 |
| 30 | നിയമാനുസൃത സമയത്തിനുള്ളിൽ കരാർ ചമച്ചിട്ടില്ല- പിഴ തുക ഈടാക്കാത്തതിനാൽ നഷ്ടം | 1-19 |

| | | |
|---|---|---|
| | Written By: Vinod Kumar. V (Asst. Audit Officer, On 24-08-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 19-09-2021) | |
| 31 | സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയിട്ടും കരാർ വയ്ക്കാത്ത കരാറുകാരന്റെ നിരതദ്രവ്യം ഫോർഫീറ്റ് ചെയ്തിട്ടില്ല<br>Written By: Vinod Kumar. V (Asst. Audit Officer, On 24-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 19-09-2021) | 1-20 |
| 32 | പ്രവൃത്തികളുടെ നിർവഹണത്തിലെ കാലതാമസം- പിഴ തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് തനതു വരുമാനമാക്കി മാറ്റി<br>Written By: Vinod Kumar. V (Asst. Audit Officer, On 24-08-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 19-09-2021) | 1-21 |
| 33 | തനതു ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികളുടെ റിക്കവറി തുകകൾ അടച്ചതിന് രേഖകൾ ഇല്ല.<br>Written By: Vinod Kumar. V (Asst. Audit Officer, On 24-08-2021)<br>Last Updated By: Vinod Kumar. V (Asst. Audit Officer, On 19-09-2021) | 1-22 |
| 34 | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല.<br>Written By: Vinod Kumar. V (Asst. Audit Officer, On 24-08-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 19-09-2021) | 1-23 |
| 35 | റീട്ടെൻഷൻ തുക പിടിക്കാതെ പാർട്ട് ബിൽ നൽകി- പ്രവൃത്തി നാളിതു വരെ പൂർത്തിയായിട്ടില്ല.<br>Written By: Vinod Kumar. V (Asst. Audit Officer, On 24-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-09-2021) | 1-24 |
| 36 | ടെണ്ടർ ചെയ്ത പ്രവൃത്തികൾ- കരാറുകാർ നിയമാനുസൃത സമയത്തിനുള്ളിൽ കരാർ ചമച്ചില്ല-പിഴ തുക ഈടാക്കാത്തതിനാൽ 11,735 രൂപ നഷ്ടം<br>Written By: Vineeth Kumar K.P (Audit Officer, On 23-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-09-2021) | 1-25 |
| | **ഭാഗം 2** | |
| 1 | ടെണ്ടർ ചെയ്ത പ്രവൃത്തികൾ- കരാറുകാർ നിയമാനുസൃത സമയത്തിനുള്ളിൽ കരാർ ചമച്ചിട്ടില്ല- പിഴ തുക ഈടാക്കാത്തതിനാൽ നഷ്ടം<br>Written By: Vinod Kumar. V (Asst. Audit Officer, On 24-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 09-09-2021) | 2-1 |
| | **ഭാഗം 3** | |
| 1 | പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതി വാഹന വാടക - അംഗീകരിച്ചതിലും അധിക നിരക്ക് അനുവദിച്ചു.<br>Written By: Hari Venugopalan K V (Auditor, On 25-08-2021)<br>Last Updated By: Hari Venugopalan K V (Auditor, On 21-09-2021) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Hari Venugopalan K V (Auditor, On 11-09-2021)<br>Last Updated By: Hari Venugopalan K V (Auditor, On 11-09-2021) | 4-1 |
| 2 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം<br>Written By: Vineeth Kumar K.P (Audit Officer, On 22-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-09-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Vineeth Kumar K.P (Audit Officer, On 22-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 09-09-2021) | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Vineeth Kumar K.P (Audit Officer, On 22-08-2021)<br>Last Updated By: Hari Venugopalan K V (Auditor, On 25-08-2021) | 4-4 |
| 5 | വായ്പ/ വായ്പാതിരിച്ചടവ്<br>Written By: Vineeth Kumar K.P (Audit Officer, On 22-08-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 21-09-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Vineeth Kumar K.P (Audit Officer, On 22-08-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 18-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Vineeth Kumar K.P (Audit Officer, On 22-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 09-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Vineeth Kumar K.P (Audit Officer, On 22-08-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 22-08-2021) | 4-8 |
| 9 | ചാർജ്, സർചാർജ് നടപടികളുടെ വിവരം<br>Written By: Vineeth Kumar K.P (Audit Officer, On 22-08-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 22-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Hari Venugopalan K V (Auditor, On 26-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ<br>Written By: Vineeth Kumar K.P (Audit Officer, On 22-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-09-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

### 1-1 ബജറ്റ്

ബജറ്റ് 30.03.2020 തീയതിയിലെ 1/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 15.02.2021 തീയതിയിലെ 2/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | 1/1 തീയതി 30.3.2020 | 2/1തീയതി 15-02-2021 |
| മുന്നിരിപ്പ് | 38666339 | 44713369 |
| വരവ് | 222128577 | 270618134 |
| ആകെ | 260794916 | 315331503 |
| ചെലവ് | 234811110 | 285934975 |
| നീക്കിയിരിപ്പ് | 25983806 | 29396528 |

### 1-2 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന - നിരീക്ഷണങ്ങൾ

2020-21 വർഷത്തെ ധനകാര്യ പത്രിക സാക്ഷ്യപ്പെടുത്തലിന്റെ ഭാഗമായി വിശദമായി പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 നോൺ റോഡ് മെയിന്റനൻസ് ഫണ്ടിന്റെ കണക്കിൽ പിശക്

നോൺ റോഡ്-മെയിന്റനൻസ് ഫണ്ടിനത്തിൽ 2020-21 വർഷത്തെ ആകെ ചെലവ് (വോട്ടിംഗ് മെഷീൻ വാങ്ങുന്നതിന് സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക 62,941 രൂപ ഉൾപ്പെടെ) 48,68,477/- രൂപയാണ്. എന്നാൽ 160100402 – Maintenence Fund Non Road Assets എന്ന വരുമാനക്കണക്കിൽ 42,66,962/- രൂപയും 312100101- Capital Contribution എന്ന കണക്കിൽ നോൺ റോഡ് – മെയിന്റനൻസ് ഫണ്ടിൽ നിന്നും 5,38,574/- രൂപയുമടക്കം 48,05,536/- രൂപയുടെ കണക്ക് മാത്രമേ വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നുള്ളൂ.

### 1-2-2 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ കണക്കാക്കിയതിന്റെ രേഖകൾ ഇല്ല

312100101- കാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്ന കണക്കിലേക്ക് വികസന ഫണ്ട് ജനറൽ - നിന്നും 10,84,266/- രൂപയും വികസന ഫണ്ട് എസ്.സി.പി. യിൽ നിന്നും 3,97,171/- രൂപയും കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 75,35,460/- രൂപയും മെയിന്റനൻസ് ഫണ്ട് റോഡിൽ നിന്നും 4,81,081/- രൂപയും മെയിന്റനൻസ് ഫണ്ട് നോൺ റോഡിൽ നിന്നും 5,38,574/- രൂപയും തൻ വർഷം മാറ്റിയിട്ടുണ്ട്. ഇത് കണക്കാക്കിയതിന്റെ വിവരങ്ങൾ ഇല്ല.

### 1-2-3 ഗുണഭോക്തൃ വിഹിതത്തിന്റെ കണക്കുകളിൽ പൊരുത്തക്കേടുകൾ

320800101- Beneficairy Contributions എന്ന കണക്കിൽ 2020-21 വർഷം 13,49,401/- രൂപ വരവ് വന്നിട്ടുണ്ട്. അതിൽ നിന്നും വെറ്റിനറി സർജന്റെയും അസിസ്റ്റന്റ് സെക്രട്ടറിയുടെയും പ്രോജക്ടുകൾക്ക് ചെലവായ ഗുണഭോക്തൃ വിഹിതം എന്ന നാരേഷനോടു കൂടി 12,91,750/- രൂപ 31.03.2021 ലെ 42000244 എന്ന ജേണലിലൂടെ 160300206 – Beneficiary Contribution എന്ന വരുമാനക്കണക്കിലേക്ക് മാറ്റിയിട്ടുണ്ട്. എന്നാൽ 2020-21 ലെ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം വെറ്റിനറി സർജന്റെയും അസിസ്റ്റന്റ് സെക്രട്ടറിയുടെയും പ്രോജക്ടുകൾക്ക് ചെലവായ ഗുണഭോക്തൃ വിഹിതം ചുവടെ ചേർത്ത പ്രകാരം 12,28,000/- രൂപയാണ്.

| പ്രോജക്ട് | ചെലവ് ചെയ്ത ഗുണഭോക്തൃ വിഹിതം |
|---|---|
| 7/21 | 3,00,000 |
| 9/21 | 5,00,000 |
| 10/21 | 1,44,000 |
| 19/21 | 2,00,000 |
| 40/21 | 84,000 |
| ആകെ | 12,28,000 |

### 1-2-4 നേരിട്ട് ചെലവ് ചെയ്ത ഗുണഭോക്തൃ വിഹിതം കണക്കുകളിൽ പെടുത്തിയിട്ടില്ല.

2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഗുണഭോക്തൃ വിഹിതം എന്ന കണക്കിൽ നിർവഹണ ഉദ്യോഗസ്ഥൻമാർ ഗുണഭോക്താക്കളിൽ നിന്നും പിരിച്ച് പഞ്ചായത്തിൽ അടച്ചതിന്റെയും അതിൽ നിന്നുള്ള ചെലവിന്റെയും കണക്കുകൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. എന്നാൽ ഉദ്പാദന മേഖലയിൽ കൃഷി ഓഫീസർ നടപ്പിലാക്കിയ മിക്ക പ്രോജക്ടുകൾക്കും ഗുണഭോക്തൃ വിഹിതം വകയിരുത്തിയിരുന്നു. ഈ തുക ഗുണഭോക്താക്കൾ നേരിട്ട് ചെലവ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരം ഗുണഭോക്താക്കൾ നേരിട്ട് ചെലവ് ചെയ്ത തുക കണക്കാക്കി ഗുണഭോക്തൃ വിഹിതം ഇനത്തിൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ പ്രോജക്ടുകളുടെ മൊത്തം ചെലവുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല എന്ന് വിലയിരുത്തേണ്ടി വരുന്നു.

### 1-2-5 തൊഴിലുറപ്പ് പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുകയുടെ കണക്കിൽ വ്യത്യാസം

160100601- തൊഴിലുറപ്പ് പദ്ധതി എന്ന വരുമാനക്കണക്കിൽ 2020-21 വർഷം ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് നൽകിയ തുക എന്ന കണക്കിൽ 31.03.2021 ലെ 42000184 എന്ന ജേണലിലൂടെ 2,79,45,000/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 31.03.2021 ലെ എഫ്.ടി.ഒ. സമ്മറി പ്രകാരം ആകെ 2,96,85,774/- രൂപയാണ് ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് മാറിയത്.

### 1-2-6 സംയുക്ത പദ്ധതികളുടെ കണക്കുകളിൽ സുലേഖയും സാംഖ്യയും തമ്മിൽ പൊരുത്തക്കേട്

സംയുക്ത പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച

കോൺട്രിബ്യൂഷന്റെ കണക്കുകൾ വാർഷിക ധനകാര്യ പത്രികയിലെ തുകകളും സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ സുലേഖ സോഫ്റ്റ് വെയറിൽ നിന്നുള്ള ചെലവ് സ്റ്റേറ്റ്മെന്റിലെ തുകകളും വ്യത്യസ്തമായി രേഖപ്പെടുത്തിക്കാണുന്നു. ഇതിന്റെ കാരണങ്ങൾ വ്യക്തമല്ല.

| | ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട് | റസീറ്റ് ആന്റ് പേമെന്റ് അക്കൗണ്ട് | സുലേഖ സോഫ്റ്റ് വെയറിൽ നിന്നുള്ള ചെലവ് സ്റ്റേറ്റ്മെന്റ് |
|---|---|---|---|
| 16030101- Contributions Towards Joint Venture Projects- District Panchayat | 54,90,931 | 54,90,931 | 56,30,931 |
| 16030101- Contributions Towards Joint Venture Projects- Block Panchayat | 8,67,905 | 8,67,905 | 12,54,944 |

കൂടാതെ 320700204 - Contributions For Joint Venture Projects ( Revenue Expenditure) From Block Panchayat എന്ന കണക്കിൽ 31.03.2021 ന് 2,00,000 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഈ തുക ഏതൊക്കെ പ്രോജക്ടിനായി ലഭിച്ചതാണ് എന്ന് വ്യക്തമല്ല.

1-2-7 ബാദ്ധ്യതാ കണക്കിൽ 12/2015 ന് ചേർത്ത തുക പുന പരിശോധിക്കേണ്ടതാണ്

ബാലൻസ് ഷീറ്റിൽ 31.03.2021 ൽ 350400701- Refunds Payable- Deposit Works എന്ന ഹെഡിൽ 1,45,333/- രൂപ നീക്കിയിരിപ്പ് ബാദ്ധ്യതയുണ്ട്. ഈ തുക 04.12.2015 ന് "Unutilised Amount Refund Fro KWA - Kundolampara, Mukkunnoth, Malamkunnu, Kadambanchal" എന്ന വിശേഷണത്തോടു കൂടി രേഖപ്പെടുത്തിയ തുകയാണ്. ഈ തുക ബാദ്ധ്യതാ ഹെഡിൽ രേഖപ്പെടുത്തിയതിന്റെയും നിലവിലും ബാദ്ധ്യതാ ഹെഡിൽ നില നിർത്തുന്നതിന്റെയും കാരണങ്ങൾ വ്യക്തമല്ല.

1-2-8 കോവിഡ് 19- മാറ്റി വയ്ക്കപ്പെട്ട ശമ്പള ബാദ്ധ്യതയും - അക്കൗണ്ടിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

കോവിഡ് 19 ന്റെ ഭാഗമായി ജീവനക്കാരുടെ മാറ്റി വയ്ക്കപ്പെട്ട ശമ്പളം ഇനത്തിൽ 31.03.2021 ലെ ബാലൻസ് ഷീറ്റിൽ 350200301- Recoveries Payable-Covid എന്ന ഹെഡിൽ 7,52,444/- രൂപ നീക്കിയിരിപ്പ് ബാദ്ധ്യതയുണ്ട്. എന്നാൽ ഈ തുക നിക്ഷേപിക്കാനായി ട്രഷറിയിൽ ആരംഭിച്ച അക്കൗണ്ടിൽ ( 450250201-Covid-616) 31.03.2021 ലെ നീക്കിയിരിപ്പ് 1,60,400/- രൂപ മാത്രമാണ്. (ഈ തുക 31.03.2021 ന് സർക്കാർ താത്കാലികമായി തിരിച്ചെടുത്തതിനാൽ ബാലൻസ് ഷീറ്റിൽ ഈ അക്കൗണ്ടിൽ നീക്കിയിരിപ്പില്ല).

1-2-9 വിദ്യാസഹായി പദ്ധതിക്കായി ലഭിച്ച തുക ചെലവ് ചെയ്തു- ബാദ്ധ്യത ക്രമീകരിച്ചിട്ടില്ല.

31.03.2021 ലെ ബാലൻസ് ഷീറ്റിൽ 320400199 – Grants , Funds, Contributions For Specific Purposes - Other Financial Institutions എന്ന ഹെഡിൽ 5,70,000/- രൂപ നീക്കിയിരിപ്പുണ്ട്. വിദ്യാസഹായി പദ്ധതിയിൽ KSFE യിൽ നിന്ന് ലഭിച്ച തുകയാണ് ഇത്. എന്നാൽ ഈ തുകയിൽ നിന്നും 5,56,970/- രൂപ 12.10.2020 ലെ 22000486 നമ്പർ പേയ്മെന്റ് വൗച്ചർ പ്രകാരം ചെലവ് ചെയ്തിട്ടുണ്ട്. ചെലവിനനുസരിച്ച് ബാദ്ധ്യത തുക ക്രമപ്പെടുത്തിയിട്ടില്ല.

1-2-10 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ പിശക്

വാർഷിക ധനകാര്യ പത്രികയുടെ ഭാഗമായുള്ള ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ അപാകതയുണ്ട്. 01.04.2020 ലെ ക്യാഷ് / ബാങ്ക് നീക്കിയിരിപ്പും 31.03.2021 ലെ ക്യാഷ് / ബാങ്ക് നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (-) 50,51,726/- രൂപയാണ്. അതായത് ക്യാഷ് നീക്കിയിരിപ്പിൽ തൻ വർഷം 50,51,726/- രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. എന്നാൽ ക്യാഷ് ഫ്ലോ പട്ടിക പ്രകാരം Operating Activities, Investing Activities, Financing Activities എന്നിവ വഴി ക്യാഷിൽ 2,30,649/- രൂപയുടെ കുറവ് മാത്രമേ ഉണ്ടായിട്ടുള്ളൂ.

1-2-11 അക്കൗണ്ട്സ് - ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പോരായ്മകൾ

സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും ഭൗതിക പരിശോധന, മൂല്യ നിർണയം നടത്തുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും മൂല്യ നിർണയം നടത്തി അക്കൗണ്ട് ചെയ്തിട്ടില്ല.

അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്താവുന്ന തരത്തിലുള്ള സംവിധാനം നിലവിലില്ല.

വിവിധ അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്താവുന്ന തരത്തിലുള്ള സംവിധാനം നിലവിലില്ല. ഇക്കാര്യം ഉറപ്പു വരുത്താൻ ആധാരമാക്കാവുന്ന രീതിയിൽ അല്ല അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളത്. ജീവനക്കാർക്ക് നൽകുന്ന അഡ്വാൻസ് തുകകൾ മാത്രമേ അഡ്വാൻസ് രജിസ്റ്ററിൽ എഴുതിയിട്ടുള്ളൂ. ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-18 ലെ മറ്റു അഡ്വാൻസ് തുകകൾ സംബന്ധിച്ച രേഖപ്പെടുത്തലുകൾ അഡ്വാൻസ് രജിസ്റ്ററിൽ ഇല്ല.

സ്ഥിരാസ്തികളുടെ ഭൗതിക പരിശോധനകൾ നടത്തുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല.

പ്രതിമാസ അക്കൗണ്ട്സുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് ചെയ്യുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 60 പ്രകാരം പ്രതിമാസ റസീറ്റ് ആൻഡ് പേമെന്റ്സ് അക്കൗണ്ട് നിശ്ചിത ഫോറത്തിൽ തയ്യാറാക്കി സെക്രട്ടറി അടുത്ത മാസം 10ആം തിയതിക്ക് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത മാസാന്ത്യ പത്രിക ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് ചെയ്യേണ്ടതാണ്. എന്നാൽ ഈ നടപടികൾ സ്വീകരിച്ചിട്ടില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ കണക്കുകൾ പഞ്ചായത്ത് മീറ്റിംഗിൽ സമർപ്പിക്കുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 60 പ്രകാരം സെക്രട്ടറി സമർപ്പിക്കുന്ന പ്രതിമാസ റസീറ്റ് ആൻഡ് പേമെന്റ്സ് അക്കൗണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കുകയും ഓഡിറ്റ് ചെയ്യുകയും ചെയ്ത ശേഷം കമ്മിറ്റിയുടെ ശുപാർശയോടു കൂടി തുടർന്നു വരുന്ന പഞ്ചായത്ത് മീറ്റിംഗിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നടപടികൾ സ്വീകരിച്ചിട്ടില്ല.

1-3 സാമ്പത്തികനില

| | |
|---|---|
| മുന്നിരിപ്പ് | 4,87,65,736 |
| വരവ് | 11,24,96,225 |
| ആകെ | 16,12,61,961 |
| | |

| | |
|---|---|
| ചെലവ് | 11,75,47,951 |
| നീക്കിയിരിപ്പ് | 4,37,14,010 |

മേൽ വരവു ചെലവുകൾ കൂടാതെ തൊഴിലുറപ്പ് പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ 2,79,45,000 രൂപയും വിവിധ ക്ഷേമപെൻഷൻ ഇനങ്ങളിലായി ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ 6,96,89,700 രൂപയും വരവു ചെലവുകളിൽ ഉൾപ്പെടുന്നു.

## 1-4 വിവിധ ഫണ്ടുകളുടെ വിനിയോഗ വിവരം

എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,18,79,000 | 2,18,79,000 | 2,06,89,477 | 11,89,523 | 95 |
| വികസനഫണ്ട് എസ്.സി.പി. | 0 | 30,57,000 | 30,57,000 | 30,57,000 | - | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1,92,000 | 1,92,000 | 1,25,333 | 66,667 | 65 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ഉപാധി രഹിത അടിസ്ഥാന ഗ്രാന്റ്) | 0 | 1,56,03,831 | 1,56,03,831 | 95,25,521 | 60,78,310 | 61 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ഉപാധിയോടെയുള്ള ഗ്രാന്റ്) | 0 | 75,00,000 | 75,00,000 | 6,54,702 | 68,45,298 | 9 |
| മെയിന്റനൻസ് ഫണ്ട്- റോഡ് | 0 | 1,27,68,000 | 1,27,68,000 | 1,27,68,000 | 0 | 100 |
| മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് | 0 | 62,23,000 | 62,23,000 | 48,68,477 | 13,54,523 | 78 |
| ആകെ | | | | | | |

(വികസനഫണ്ട് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത ₹24,70,027/- (ജനറൽ) , ₹1,02,627/- (എസ്.സി.പി), ₹29,333/- (ടി.എസ്.പി), ₹62,941/- (മെയിന്റനൻസ് ഫണ്ട്- നോൺ റോഡ്)എന്നീ തുകകൾ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്. )

ബി) ഫണ്ട് വിനിയോഗം- രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,82,19,450 | 1,82,19,450 | 1,82,19,450 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 29,54,373 | 29,54,373 | 29,54,373 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 96,000 | 96,000 | 96,000 | 0 |
| മെയിന്റനൻസ് ഫണ്ട്- | 0 | 1,27,68,000 | 1,27,68,000 | 1,27,68,000 | 0 |

| | | | | | |
|---|---|---|---|---|---|
| റോഡ് | | | | | |
| മെയിന്റനൻസ് ഫണ്ട്-നോൺറോഡ് | 0 | 48,05,536 | 48,05,536 | 48,05,536 | 0 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്-(ഉപാധി രഹിത അടിസ്ഥാന ഗ്രാന്റ്) | 0 | 95,25,521 | 95,25,521 | 95,25,521 | 0 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ഉപാധിയോടെയുള്ള ഗ്രാന്റ്) | | 6,54,702 | 6,54,702 | 6,54,702 | |
| ബി ഫണ്ട് | | | | | |
| വിവാഹ ധനസഹായം | 0 | 9,60,000 | 9,60,000 | 9,60,000 | 0 |
| തൊഴിലുറപ്പ് -100 ദിന ഇൻസെന്റീവ് | 0 | 4,89,000 | 4,89,000 | 4,89,000 | 0 |
| സംയുക്ത പദ്ധതി | | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 2,00,000 | 8,67,905 | 10,67,905 | 8,67,905 | 2,00,000 |
| ജില്ലാ പഞ്ചായത്ത് | 1,00,000 | 54,90,931 | 55,90,931 | 54,90,931 | 1,00,000 |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | |
| തൊഴിലുറപ്പ് പദ്ധതി | 4,55,886 | 2,92,37,770 | 2,96,93,656 | 2,96,88,224 | 5,432 |
| ടി.എസ്.സി (ടോട്ടൽ സാനിറ്റേഷൻ ക്യാമ്പയിൻ) | 2,07,325 | 22,52,153 | 24,59,478 | 22,10,153 | 2,49,325 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 17,63,626 | 14,48,838 | 32,12,464 | 26,86,564 | 5,25,900 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| സാക്ഷരത | 47,886 | 1,457 | 49,343 | - | 49,343 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 7,26,862 | 34,06,624 | 41,33,486 | 13,01,075 | 28,32,411 |
| സമ്പൂർണ്ണ ശുചിത്വം | 28,73,173 | - | 28,73,173 | - | 28,73,173 |
| മറ്റ് പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ -ലൈഫ് വായ്പ തുടങ്ങിയവ | 7,14,828 | 37,58,436 | 44,73,264 | 37,49,971 | 7,23,293 |
| മറ്റിനങ്ങൾ | | | | | |
| ക്ഷേമ പെൻഷൻ ഇനത്തിൽ വിതരണം ചെയ്ത തുക | 0 | 6,96,89,700 | 6,96,89,700 | 6,96,89,700 | 0 |

*കുറിപ്പ് : 1) മേൽ വിവരിച്ച വരവ് ചെലവുകൾ കൂടാതെ, ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ തൻ വർഷം 1,71,98,965/- രൂപ വരവുണ്ട്.

2) തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധന സാമഗ്രികളുടെ വില എന്നീയിനങ്ങളിൽ 2020-21 വർഷം 2,79,45,000/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഈ തുക അടക്കമുള്ള വരവ് ചെലവുകളാണ് മേൽ പട്ടികയിൽ ഉള്ളത്.

## 1-5 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പിലാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് | അടങ്കൽ | ഭാഗീകമായി നടപ്പാക്കിയത് | ചെലവ് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 250 | 157 | 14,91,75,867 | 55 | 88233021 | 38 | 62.8% |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2020-21 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2020-21 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 27 | 22993445 | 19 | 10982073 | 47.76 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 14 | 6339587 | 10 | 3980799 | 62.79 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 127 | 53185077 | 85 | 28957642 | 54.44 |
| 4 | കൃഷി ഓഫീസർ | 19 | 7143268 | 19 | 4635983 | 64.9 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 18 | 33720733 | 15 | 22110369 | 65.57 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 8968301 | 5 | 7285899 | 81.24 |
| 7 | വെറ്റനറി സർജ്ജൻ | 6 | 3598000 | 6 | 2973000 | 82.63 |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 3 | 654000 | 3 | 645100 | 98.64 |
| 9 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 5 | 3442220 | 4 | 2412375 | 70.08 |
| 10 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 150000 | 1 | 150000 | 100 |
| 11 | പ്രധാനാധ്യാപകൻ | 12 | 3638356 | 6 | 3025117 | 83.14 |
| 12 | ഡയറി ഫാം ഇൻസ്ക്ടർ | 2 | 1251880 | 2 | 974664 | 77.86 |
| 13 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 5 | 4091000 | 1 | 100000 | 2.44 |
| | ആകെ | | 14,91,75,867 | | 88233021 | |

## 1-6 തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 455886.39 | 1292770.49 | 1748656.88 | 1743224 | 5432.88 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 27945000 | 27945000 | 27945000 | 0 |
| | 455886.39 | 29237770.49 | 29693656.88 | 29688224 | 5432.88 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 4487800 | 195 |
| വിധവാപെൻഷൻ | 29802000 | 1994 |
| വാർദ്ധക്യകാല പെൻഷൻ | 25894800 | 1845 |
| വികലാംഗ പെൻഷൻ | 7605500 | 428 |
| വിവാഹ ധനസഹായം | 960000 | 32 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1899600 | 131 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-08-2021 തീയ്യതിയിൽ 3.00 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 14,037/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർത്ത പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | ജൂനിയർ സൂപ്രണ്ട് | 1 |
| | | |

| | | |
|---|---|---|
| 3 | അസിസ്റ്റന്റ് സെക്രട്ടറി | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 4 |
| 6 | ക്ലാർക്ക് | 3 |
| 7 | ഓഫീസ് അറ്റൻഡന്റ് | 2 |
| 8 | ഫുൾടൈം സ്വീപ്പർ | 2 |
| 9 | പാർട്-ടൈം പോണ്ട് കീപ്പർ | 1 |
| 10 | ഡ്രൈവർ | 1 |

ഓഫീസ് ജോലി വിഭജനം

ജീവനക്കാരുടെ ജോലി വിഭജനം കാലാകാലങ്ങളിൽ ഓഫീസ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്.

ഭരണസമിതി യോഗം

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 23 തവണ യോഗം ചേർന്നിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൃത്യമായി യോഗം ചേർന്നിട്ടുണ്ട് .

കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം 2020-2021 സാമ്പത്തിക വർഷം 9 തവണ ചേർന്നിട്ടുണ്ട്. (02-07-20, 24-08-20, 22-09-20,1 6-10-20, 13-11-20, 21-12-20, 5-01-21, 5-02-21, 5-03-21) ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി ജീവനക്കാരുടെ യോഗം വിലയിരുത്താറുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.03.2021 | 10/2020 മുതൽ 2/2021 വരെ | PAU 2/21, തീയതി-17.03.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമാക്കിയില്ല | ലഭ്യമാക്കിയില്ല | ലഭ്യമാക്കിയില്ല |

1-11 ലൈസൻസ് - അപാകതകൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമ പഞ്ചായത്ത് അനുവദിച്ച ലൈസൻസുകളുടെ അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. സാംഖ്യാ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ്

ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റികൺസൈൽ ചെയ്യേണ്ടതുമാണ്.

പഞ്ചായത്തിലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള 3,511 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം. | | ഇനം | എണ്ണം |
|---|---|---|---|
| I | 1 | വാണിജ്യാവശ്യം- 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 2749 |
| | 2 | 100 ച. മീറ്റർ മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 363 |
| | 3 | 200 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 1 |
| | 4 | 200 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 83 |
| II | 1 | ബാങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ,ഫ്യൂവൽ സ്റ്റേഷൻ | 4 |
| | 2 | ആഫീസ് ആവശ്യത്തിനുള്ളവ | 43 |
| III | | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, സിനിമ തിയേറ്റർ, കല്ല്യാണ മണ്ഡപം, ലോഡ്ജ്, റിസോർട്ട് | 259 |
| IV | 1 | വ്യവസായം-ചെറുകിട വ്യവസായ സംരംഭങ്ങൾ, കൈത്തറി ഷെഡ്, തടിമില്ല് | 0 |
| | 2 | ഇതര വ്യവസായം | 9 |

എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾ 608 എണ്ണം മാത്രമാണ്. ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

2) <u>ലൈസൻസ് ഫീസ് ഈടാക്കിയതിൽ അപാകത.</u>

2017 ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017 ലെ സ.ഉ.(പി)നം. 80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി

ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ആയതു പ്രകാരം സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരംതിരിച്ച് സ്ലാബുകൾക്ക് അനുസൃതമായി ഗ്രാമപഞ്ചായത്ത് ചുമത്തുന്ന ഫീസിന് നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ഫീസ് ഈടാക്കിയതിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര്, ലൈസൻസ് നം | രസീത് നം, തീയ്യതി | മൂലധന നിക്ഷേപം | ഈടാക്കിയ തുക | ഈടാക്കേണ്ടിയിരുന്ന തുക | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| 1 | ഗുണവതി, 415/2020-21/Sc4/3146 | 120040100413, 28.05.2020 | 2,00,000/- | 200/- | 300/- | 100/- |
| 2 | മധുസൂധനൻ കെ, 222/2020-21/Sc4/2052 | 119040107421, 22.02.2020 | 3,00,000/- | 350/- | 400/- | 50/- |
| 3 | ഷംസുദ്ദീൻ കെ, 309/2020-21/Sc4/2389 | 119040107837, 03.03.2020 | 2,00,000/- | 200/- | 300/- | 100/- |
| 4 | കെ വിജയൻ, 8/2020-21/Sc4/1446 | 119040107573, 03.02.2020 | 2,00,000/- | 200/- | 300/- | 100/- |
| 5 | സുമതി എം, 42/2020-21/Sc4/1700 | 119040107766, 29.02.2020 | 1,00,000/- | 100/- | 200/- | 100/- |
| 6 | ഡോ. മുഹമ്മദ് ഡി എം, 50/2020-21/Sc4/1708 | 119040108647, 18.03.2020 | 2,00,000/- | 200/- | 300/- | 100/- |
| 7 | എം കുഞ്ഞിക്കണ്ണൻ, 50/2020-84/Sc4/1785/19 | 37651/05, 12.02.2020 | 5,00,000/- | 200/- | 500/- | 300/- |
| 8 | അബ്ദുൾ ഹാരിസ് എ എച്ച്, 124/2020-21/Sc4/1785/59 | 37651/44, 12.02.2020 | 3,00,000/- | 300/- | 400/- | 100/- |
| 9 | മുഹമ്മദ് | 37651/56, | 5,00,000/- | 400/- | 500/- | 100/- |

| | | | | | | |
|---|---|---|---|---|---|---|
| | ഷാഹിദ്, 137/2020-21/Sc4/1785/56 | 12.02.2020 | | | | |
| 10 | അബ്ദുൾ അസീസ് കെ എച്ച് 163/2020-84/Sc4/1864 | 37651, 15.02.2020 | 3,00,000/- | 300/- | 400/- | 100/- |
| ആകെ | | | | | | 1,150/- |

ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവു വന്ന തുക മേൽ പരാമർശിച്ച അപേക്ഷകരിൽ നിന്നും ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകൾ പരിശോധിച്ച് പരാമർശിത രേഖകൾ/വിശദീകരണങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം. 18/17.08.2021).

1-12 തൊഴിൽ നികുതി - അപാകതകൾ

2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, അർദ്ധവാർഷിക വരുമാന പത്രികകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ ചില അപാകതകൾ ചുവടെ കൊടുക്കുന്നു.

1) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2020-21 വർഷത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങൾ അവയുടെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | കാനറാ ബാങ്ക്, പാലക്കുന്ന് ബ്രാഞ്ച് | 2020-21 രണ്ടാം അർദ്ധവർഷം |
| 2 | കാനറാ ബാങ്ക്, ഉദുമ ബ്രാഞ്ച് | 2020-21 രണ്ടാം അർദ്ധവർഷം |
| 3 | ധനലക്ഷ്മി ബാങ്ക്, ഉദുമ ബ്രാഞ്ച് | 2020-21 ഒന്നാം അർദ്ധവർഷം |
| 4 | കാസറഗോഡ് കോ-ഓപ്പറേറ്റീവ് ടൗൺ ബാങ്ക്, പാലക്കുന്ന് ബ്രാഞ്ച് | 2020-21 രണ്ടാം അർദ്ധവർഷം |
| 5 | കേരള ഗ്രാമീൺ ബാങ്ക്, തൃക്കണ്ണാട് ബ്രാഞ്ച് | 2020-21 രണ്ടാം അർദ്ധവർഷം |
| 6 | മണപ്പുറം ഫിനാൻസ് ലിമിറ്റഡ്, പാലക്കുന്ന് | 2020-21 രണ്ടാം അർദ്ധവർഷം |
| 7 | കാസറഗോഡ് ജില്ലാ കോ-ഓപ്പറേറ്റീവ് ഹൗസിങ്ങ് സൊസൈറ്റി, പാലക്കുന്ന് | 2020-21 രണ്ടാം അർദ്ധവർഷം |
| 8 | ശുശ്രുത മെഡിക്കൽ സെന്റർ, പള്ളം | 2020-21 രണ്ടാം അർദ്ധവർഷം |
| 10 | നവീൻ ഡെന്റൽ ക്ലിനിക്ക്, പാലക്കുന്ന് | 2020-21 ഒന്നും രണ്ടും അർദ്ധവർഷം |

| | | |
|---|---|---|
| 11 | അമൃത ഹോസ്പിറ്റൽ, ഉദുമ | 2020-21 ഒന്നും രണ്ടും അർദ്ധവർഷം |
| 12 | ബേക്കൽ റിസോർട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ | 2020-21 ഒന്നും രണ്ടും അർദ്ധവർഷം |
| 13 | റോക്ക് ലാന്റ് ഫ്യൂവൽസ്, ഉദുമ | 2020-21 ഒന്നും രണ്ടും അർദ്ധവർഷം |
| 14 | ശിവപ്രിയ ഫ്യൂവൽസ്, തൃക്കണ്ണാട് | 2020-21 ഒന്നും രണ്ടും അർദ്ധവർഷം |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2) ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനായുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

2020-21 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ പ്രകാരം ചില ജീവനക്കാർക്ക് ശാരീരിക അവശത ഉണ്ടെന്ന കാരണത്താൽ നികുതി അടവാക്കുന്നതിൽ ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനായുള്ള രേഖകൾ റിട്ടേണിനൊപ്പം സമർപ്പിച്ചിട്ടില്ല. വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | ജോലി ചെയ്യുന്ന സ്ഥാപനം | നികുതി അടവാക്കേണ്ടുന്ന കാലയളവ് |
|---|---|---|---|
| 1 | സീതാരാമ എ. കെ. (ഫുൾ ടൈം സ്വീപ്പർ) | പഞ്ചായത്ത് കാര്യാലയം, ഉദുമ | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 2 | സാജു എസ്. എൽ. (സീനിയർ അസിസ്റ്റന്റ് ) | കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ & സബ് ഡിവിഷൻ, ഉദുമ | 2020-21 ഒന്നാം അർദ്ധ വർഷം |
| 3 | രാധാകൃഷ്ണൻ ടി (മസ്ദൂർ) | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ & സബ് ഡിവിഷൻ, ഉദുമ | 2020-21 ഒന്നാം അർദ്ധ വർഷം |
| 4 | മഹേഷ് എ.സി. (മൂന്നാം ഗ്രേഡ് ഓവർസീയർ) | എൽ.എസ്.ജി.ഡി. ഉദുമ | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |

മേൽ പരാമർശിച്ച ജീവനക്കാരിൽ നിന്നും ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനായുള്ള രേഖകൾ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3) ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നികുതി അടവാക്കേണ്ടുന്ന കാലയളവ് |
|---|---|---|
| 1 | കാനറാ ബാങ്ക് പാലക്കുന്ന് ബ്രാഞ്ച് | 2020-21 രണ്ടാം അർദ്ധ വർഷം |
| 2 | ശുശ്രുത മെഡിക്കൽ സെന്റർ, പള്ളം | 2020-21 രണ്ടാം അർദ്ധ വർഷം |
| 3 | ഖന്ന ഹോട്ടൽസ് പ്രൈ. ലിമിറ്റഡ് | 2020-21 രണ്ടാം അർദ്ധ വർഷം |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകൾ പരിശോധിച്ച് പരാമർശിത രേഖകൾ/വിശദീകരണങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം. 15/16.08.2021).

1-13 വസ്തു നികുതി കുടിശ്ശിക - പൊരുത്തക്കേടുകൾ

ഗ്രാമ പഞ്ചായത്തിന്റെ പ്രധാന തനതു നികുതി വരവിനമായ വസ്തു നികുതിയുടെ കുടിശ്ശിക വിവരങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയതിൽ പൊരുത്തക്കേടുകൾ വന്നിട്ടുണ്ട്. 31.03.2020 തീയ്യതിയിലെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികുതി ഇനത്തിൽ 21,88,135/- രൂപ കുടിശ്ശികയുണ്ട്. ആയതിന്റെ വാർഡ് തിരിച്ചുള്ള വിവരം ലഭ്യമാക്കുന്നതിന് 13.08.2021 തീയ്യതി നൽകിയ ഓഡിറ്റ് എൻക്വയറി നം. 6 ന് ലഭ്യമാക്കിയ മറുപടി പ്രകാരം വിവിധ വാർഡുകളിലായി വസ്തു നികുതി ഇനത്തിൽ കുടിശ്ശികയായ തുകയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | കുടിശ്ശിക |
|---|---|
| 1 | 78,640/- |
| 2 | 68,907/- |
| 3 | 2,12,136/- |
| 4 | 51,306/- |
| 5 | 92,104/- |
| 6 | 83,721/- |
| 7 | 1,04,213/- |
| 8 | 80,798/- |
| 9 | 1,64,429/- |
| 10 | 23,620/- |
| 11 | 30,579/- |

| | |
|---|---|
| 12 | 48,155/- |
| 13 | 1,02,983/- |
| 14 | 0 |
| 15 | 0 |
| 16 | 1,27,639/- |
| 17 | 1,90,751/- |
| 18 | 1,43,188/- |
| 19 | 25,531/- |
| 20 | 27,068/- |
| 21 | 1,04,980/- |
| ആകെ | 17,60,748/- |

ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികുതി ഇനത്തിൽ കുടിശ്ശികയായ തുകയും സഞ്ചയ പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആയതിനു വിശദീകരണം ആവശ്യമാണ്. ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള 21,88,135/- രൂപ കുടിശ്ശികയുടെ കൃത്യത ഉറപ്പാക്കേണ്ടതും ആയത് പിരിച്ചെടുക്കുവാൻ നടപടികൾ സ്വീകരിച്ച് പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 തെരുവ് വിളക്ക് അറ്റകുറ്റ പണിയും സാധനങ്ങൾ വാങ്ങിക്കലും പദ്ധതി

പ്രൊജക്ട് നം.160/21

അടങ്കൽ - 10,00,000/-രൂപ (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് )

ചെലവ് - 9,97,940/- രൂപ

1)KREWS ൽ നിന്നും തെരുവ് വിളക്ക് വാങ്ങിയത്

ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലെ തെരുവ് വിളക്കുകൾ അറ്റകുറ്റ പണി നടത്തി പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. ഇതിനായി KREWS ൽ നിന്നും നേരിട്ട് തെരുവ് വിളക്ക് വാങ്ങിക്കാൻ തിരുമാനിച്ചു. 23.1.2020 ലെ തീരുമാനം നം.1(2)2020. KREWS ൽ നിന്നും 2771/- രൂപ നിരക്കിൽ 24 വാട്ട് ഓട്ടോമാറ്റിക്ക് തെരുവ് വിളക്ക് 288 എണ്ണം വാങ്ങാനാണ് തീരുമാനം. കത്ത് നം.എസ്.സി.2-1202/20 തിയ്യതി 1.2.2020 പ്രകാരം വർക്ക് ഓർഡർ നൽകുകയും 03/2020, തിയ്യതി 28.2.2020 പ്രകാരം കരാർ ഒപ്പിടുകയും ചെയ്തു. ഇൻവോയ്സ് നം. KREWS/222/19-20/ തിയ്യതി-20.2.2020 പ്രകാരം 138 എണ്ണവും, ഇൻവോയ്സ് നം. KREWS/223/19-20/ തിയ്യതി-20.2.2020 പ്രകാരം 150 എണ്ണവും ചേർത്ത് ആകെ 288 എണ്ണം തെരുവ് വിളക്കുകൾ സ്ഥാപനം വിതരണം ചെയ്തു. ബിൽ നം.02/2020-21/ 4.5.2020 പ്രകാരം ആകെ 7,98,048/- രൂപ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറുകയും ചെയ്തു. അക്കൗണ്ട് നം.67256868977- എസ്.ബി.ഐ. 20.3.2020ന് 288 തെരുവ് വിളക്കുകൾ പൂർണ്ണമായും സ്ഥാപിച്ചതായി കേരളാ ഗ്രാമജ്യോതി ലൈറ്റിംഗ്, വിവിധ വാർഡ് മെമ്പർമാർ, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

2)യുണൈറ്റഡ് എനർജി സിസ്റ്റംസ് നടത്തിയ അറ്റകുറ്റ പണിയും കേടായവ മാറ്റി സ്ഥാപിക്കലും.

ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കേടായ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുകയും കേടായവ മാറ്റി സ്ഥാപിക്കുകയാണ് ഈ പ്രവർത്തി. 28.2.2020 ന് യുണൈറ്റഡ് എനർജി സിസ്റ്റംസ്, മാനക്കോട്, തിരുവനന്തപുരം സമർപ്പിച്ച ടെണ്ടർ 4.3.2020 ലെ ഭരണസമിതി തീരുമാനം നം. 4(20) പ്രകാരം അംഗീകരിക്കുകയും ചെയ്തു. 15.7.2020 ന് പ്രവർത്തി പൂർത്തീകരിച്ചു. 15.7.2020 ലെ ഇൻവോയ്സ് നം.38 പ്രകാരം 242 എണ്ണം തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതിന് ആകെ 1,99,892/-രൂപ നൽകാൻ സ്ഥാപനം വശ്യപ്പെട്ടിട്ടുണ്ട്. സ്ഥാപനവും വിവിധ വാർഡ് മെമ്പർമാരും പ്രവർത്തി നടത്തിയത് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ബിൽ നം.15/2020-21/20.11.2020 പ്രകാരം ആകെ 1,99,892/-രൂപ മാറുകയും

അതിൽ ആദായനികുതി 1694/- രൂപ കിഴിച്ച് 1,98,198/-രൂപ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറുകയും ചെയ്തു. അക്കൗണ്ട് നം.67383354398-എസ്.ബി.ഐ.

ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1)ക്രമ നമ്പർ (1),(2) പ്രകാരമുള്ള തെരുവ് വിളക്കുകൾ മുഴുവൻ പ്രവർത്തനക്ഷമമാണെന്ന് ഉറപ്പ് വരുത്തിയിട്ടാണോ സെക്രട്ടറി, വിവിധ വാർഡ് മെമ്പർമാർ എന്നിവർ സാക്ഷ്യപത്രം നൽകിയത്. വാർഡ് മെമ്പർമാർ നൽകിയ ചില സാക്ഷ്യപത്രങ്ങളിൽ വൈദ്യുതി പോസ്റ്റിന്റെ നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

2)17.8.2020 ലെ കത്ത് നം.എസ്.സി2-1202/2020 പ്രകാരം 288 എണ്ണം തെരുവ് വിളക്കുകൾ പുതുതായി സ്ഥാപിച്ചതിൽ 60 എണ്ണം പ്രവർത്തിക്കുന്നില്ല എന്ന് KREWS നെ അറിയിച്ചിട്ടുണ്ട്. ഏതൊക്കെ വാദ്യുതി പോസ്റ്റുകളിലെതാണ് പ്രവർത്തിക്കാത്തത് എന്ന് പോസ്റ്റ് നമ്പർ സഹിതം വിശദമാക്കേണ്ടതാണ്. കരാർ പ്രകാരം 24 മാസം വാറണ്ടി ഉള്ള ഈ തെരുവ് വിളക്കുകൾ പ്രവർത്തനക്ഷമമാക്കിയോ, ഇല്ലെങ്കിൽ കരാർ പ്രകാരം എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കേണ്ടതാണ്.

3) 530 (288+242) തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിച്ചിരിക്കുമ്പോൾ അവിടെ നിലവിലുണ്ടായിരുന്നവ എന്ത് ചെയ്തു. ഇവ എത് വർഷം ഏത് പദ്ധതി പ്രകാരം വാങ്ങിയവയാണ്, വാറണ്ടി കാലാവധി കഴിഞ്ഞതാണോ, റിപ്പയർ ചെയ്താൽ പ്രവർത്തലക്ഷമമാകുന്നവയാണോ എന്നീ കാര്യങ്ങൾ രേഖകൾ പ്രകാരം വിശദമാക്കേണ്ടതാണ്.

4)പദ്ധതി നടപ്പിലാക്കുന്നതിന് വൈദ്യുതി ബോർഡിന്റെ മേൽനോട്ടം സംബന്ധിച്ച രേഖകൾ, സൂപ്പർവിഷൻ ചാർജ്ജ് നൽകിയതിന്റെ രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്.

5) ആദായനികുതി 1694/- രൂപ ഒടുക്കിയത് സംബന്ധമായ രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.10/16.8.2021 പ്രകാരം വിശദീകരണം ചോദിച്ചതിന് 17.8.2021 ന് മറുപടി നൽകിയിട്ടുണ്ട്. 360 എണ്ണവും പ്രവർത്തനക്ഷമമാണെന്ന് മെമ്പർമാർ സാക്ഷമയപ്പെടുത്തിയിട്ടുണ്ടെന്നും, 60 എണ്ണം തകരാറിലായത് ക്രൂസ് റിപ്പയർ ചെയ്തിട്ടുണ്ടെന്നും, കേടായ ബൾബുകളുടെ വാറണ്ടി കാലാവധി തീർന്നതാണെന്നും, മാറ്റിയവ സൂക്ഷിച്ചിട്ടുണ്ടെന്നും, സൂപ്പർവിഷൻ ചാർജ്ജിന്റെ രേഖകൾ ഹാജരാക്കുമെന്നുമാണ് മറുപടി നൽകിയിരിക്കുന്നത്. സ്ഥാപിച്ച ഉടനെ തകരാറിലായ 60 എണ്ണത്തിന്റെ പോസ്റ്റ് നമ്പറുകൾ കൂടാതെ കേടായവ മാറ്റി സ്ഥാപിച്ചതിന്റെ പോസ്റ്റ് നമ്പറുകൾ, എത് വർഷം ഏത് പദ്ധതി പ്രകാരം വാങ്ങിയവയാണ്, വാറണ്ടി കാലാവധി സംബന്ധിച്ച രേഖകൾ എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കാത്തതിനാൽ മറുപടി പൂർണ്ണമായും അംഗീകരിക്കുന്നില്ല. രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-15 മേൽബാര കുടിവെള്ള പദ്ധതി -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രൊജക്ട് നം.162/21

അടങ്കൽ - 8,00,000/-രൂപ (ജില്ലാ പഞ്ചായത്ത്)

2,00,000/-രൂപ (തനത് ഫണ്ട്)

ആകെ 10,00,000/- രൂപ

ചെലവ് - 10,00,000/- രൂപ

2019-20 വർഷത്തിലെ ഈ പദ്ധതി സ്പിൽ ഓവർ ആയി 2020-21 ൽ നടപ്പിലാക്കിയിട്ടുണ്ട്. കേരളാ ജല അതോറിറ്റി ഡെപ്പോസിറ്റ് പ്രവർത്തിയായാണ് ഈ പ്രവൃത്തി ചെയ്യുന്നത്. പ്രവൃത്തിക്കായി കേരളാ ജല അതോറിറ്റി എക്സി.എഞ്ചിനീയർ, പി.എച്ച് ഡിവിഷൻ കാസറഗോഡ് കത്ത് നം. D3-6234/20/ തിയ്യതി 23.6.2020 പ്രകാരം എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട് ( എസ്റ്റിമേറ്റ് നം. 2020/6234/തിയ്യതി 23.6.2020). 4.3.2020 ലെ ഭരണസമിതി തീരുമാനം നം.1(20) പ്രകാരം എസ്റ്റിമേറ്റ് അംഗീകരിക്കുകയും

ഉത്തരവ് നം.എസ്.സി.2 -2696/20/ തിയ്യതി 22.8.2020 പ്രകാരം തുക കൈമാറാൻ അനുമതി നൽകുകയും ചെയ്തു. വൗച്ചർ നം.22000455/ തിയ്യതി 30.9.2020 പ്രകാരം 2,00,000/- രൂപയും, ബിൽ നം.10/2020-21/ തിയ്യതി 8.9.2020 പ്രകാരം 8,00,000/- രൂപയും ചേർത്ത് ആകെ 10,00,000/-രൂപ കേരളാ ജല അതോറിറ്റിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് ( അക്കൗണ്ട് നം.10510439545, എസ്.ബി.ഐ, സിവിൽ സ്റ്റേഷൻ ബ്രാഞ്ച്, കാസറഗോഡ്).

ഈ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിശദവിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.11/16.8.2021 പ്രകാരം ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 10,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതി വാഹന വാടക - അംഗീകരിച്ചതിലും അധിക നിരക്ക് അനുവദിച്ചു.

| | |
|---|---|
| പ്രോജക്ട് നം. | 156/2020 |
| പ്രോജക്ടിന്റെ പേര് | പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം, ഉദുമ |
| അടങ്കൽ | 2,32,220/- രൂപ (വികസന ഫണ്ട്- ജനറൽ) |
| ചെലവ് തുക | 2,23,935/-രൂപ |
| ബിൽ നമ്പർ, തീയ്യതി | നം. 04/2020-21, തീയ്യതി 30.03.2020 (ക്യൂ ബിൽ, പണമായി മാറിയത് 15.05.2020 ന്) |

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതിയുടെ നിർവഹണത്തിനായി വികസന ഫണ്ടിൽ നിന്നും 2,23,935/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന ഭവനങ്ങളിലേക്ക് സന്ദർശനത്തിന് വേണ്ടി വാഹനം വാടകയ്ക്ക് എടുക്കുന്നതുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ 22.03.2019 തീയ്യതിയിലെ 103/2019 നം. പ്രകാരം ക്വട്ടേഷൻ ക്ഷണിക്കുകയും പ്രതിദിന നിരക്കിൽ ഏറ്റവും കുറവ് തുകയായ 1,100/- രൂപ രേഖപ്പെടുത്തിയ രഘൂത്തമൻ ആറാട്ടുകടവ് (വാഹന നം. KL 59 B 6156) എന്നയാളുടെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ പ്രകാരം അംഗീകരിച്ചതിലും അധിക നിരക്കിൽ വാഹന വാടക അനുവദിച്ചു നൽകുകയാണുണ്ടായത്. ആയതുമൂലം 4,800/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഭാഗം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-17 തുടർസാക്ഷരത പഠിതാക്കളുടെ ഫീസ് നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 13/2021 |
| പ്രോജക്ടിന്റെ പേര് | തുടർസാക്ഷരത പഠിതാക്കളുടെ ഫീസ് |

| | |
|---|---|
| | നല്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ജി.യു.പി.സ്കൂൾ കോട്ടിക്കുളം |
| അടങ്കൽ | 70,000/- രൂപ (വികസന ഫണ്ട്- ജനറൽ) |
| ചെലവ് തുക | 66,000/-രൂപ |
| ബിൽ നമ്പർ, തീയ്യതി | 03/2020-21, തീയ്യതി 09.02.2021 |

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ തുടർ സാക്ഷരത പഠിതാക്കളുടെ ഫീസ് നല്കൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പ്ലസ് വൺ തുല്യത കോഴ്സിൽ ചേർന്ന 12 പഠിതാക്കൾക്കും, പ്ലസ് ടു തുല്യത കോഴ്സിൽ ചേർന്ന 18 പഠിതാക്കൾക്കും കോഴ്സ് ഫീസ് നൽകുന്നതിനായി വികസന ഫണ്ടിൽ നിന്നും 66,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | ചെലവഴിച്ച തുക |
|---|---|---|
| 1 | പ്ലസ് വൺ തുല്യത പഠിതാക്കളുടെ കോഴ്സ് ഫീസ് നൽകുന്നതിനായി ഒരു പഠിതാവിന് 2,200/-രൂപ നിരക്കിൽ 12 പഠിതാക്കളുടെ തുക ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി തിരുവനന്തപുരത്തിന് നൽകിയത് | 26,400/- |
| 2 | പ്ലസ് ടു തുല്യത പഠിതാക്കളുടെ കോഴ്സ് ഫീസ് നൽകുന്നതിനായി ഒരു പഠിതാവിന് 2,200/- രൂപ നിരക്കിൽ 18പഠിതാക്കളുടെ തുക ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി തിരുവനന്തപുരത്തിന് നൽകിയത് | 39,600/- |
| ആകെ | | 66,000/- |

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കോഴ്സ് ഫീസ് ഇനത്തിൽ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിക്ക് കൈമാറിയ തുകയായ 66,000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) ഇരു വിഭാഗങ്ങളിലുമായി ആകെ രജിസ്റ്റർ ചെയ്ത 30 പഠിതാക്കളിൽ പരീക്ഷ എഴുതിയവരുടേയും പാസ്സായവരുടേയും സർട്ടിഫിക്കറ്റ് ലഭിച്ചവരുടേയും എണ്ണം സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ

പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ ചെലവ് തുക 66,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു (ഓഡിറ്റ് എൻക്വയറി നം. 16/16.08.2021).

## 1-18 ഔഷധിയിൽ നിന്നും ആയുർവേദ മരുന്നുകൾ വാങ്ങിയത്- മരുന്നു ലഭിക്കാൻ കാലതാമസം നേരിടുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, ആയുർവേദം

ഉദുമ ഗ്രാമപഞ്ചായത്തിലെ ഉദുമ, മുദിയക്കാൽ എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന ആയുർവേദ ഡിസ്പെൻസറികളിലെ വിതരണത്തിനായി 2020-21 വർഷത്തിൽ റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്നും 4,34,000/- രൂപ ഔഷധിക്ക് മുൻകൂർ നൽകിയിരുന്നു. കൂടാതെ, വയോജനങ്ങൾക്ക് മരുന്നു വിതരണം എന്ന പ്രോജക്ടിൽ മരുന്നു വാങ്ങുന്നതിനായി 2,00,000/- രൂപയും മുൻകൂർ നൽകിയിരുന്നു. നൽകിയ തുകകളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് | ഔഷധിക്ക് മുൻകൂർ നൽകിയ തുക | ബിൽ നം. തിയതി | ഫണ്ട് |
|---|---|---|---|---|
| 1 | 6/21- ഉദുമ, മുദിയക്കാൽ ആശുപത്രികളിലേക്ക് മരുന്നു വാങ്ങൽ | 2,17,000 | 04/20-21, 26.02.2021 | മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| | | 2,17,000 | 02/20-21, 19.01.2021 | മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| 2 | 21/21- വയോജനങ്ങൾക്ക് മരുന്നു വിതരണം | 2,00,000 | 03/20-21, 10.02.2021 | വികസന ഫണ്ട് (ജനറൽ) |
| | ആകെ | 6,34,000 | | |

ഉദുമ ആയുർവേദ ഡിസ്പെൻസറിക്ക് മരുന്നിനായി മുൻകൂർ നൽകിയ 2,17,000/- രൂപയിൽ ഓഡിറ്റ് നടത്തുന്ന തിയതി വരെ 1,66,793/- രൂപയുടെ മരുന്നു മാത്രമേ ഡിസ്പെൻസറിയിൽ ലഭിച്ചിട്ടുള്ളൂ. തുക മുൻകൂർ നൽകിയിട്ട് 7 മാസക്കാലമായിട്ടും 50,207/- രൂപയുടെ മരുന്നുകൾ വിതണം ചെയ്യാൻ ഔഷധിക്ക് സാധിച്ചിട്ടില്ല.

മുദിയക്കാൽ ആയുർവേദ ഡിസ്പെൻസറിക്ക് മരുന്നിനായി മുൻകൂർ നൽകിയ 2,17,000/- രൂപയിൽ ഓഡിറ്റ് നടത്തുന്ന തിയതി വരെ 2,07,527/- രൂപയുടെ മരുന്നു മാത്രമേ ഡിസ്പെൻസറിയിൽ ലഭിച്ചിട്ടുള്ളൂ. തുക മുൻകൂർ നൽകിയിട്ട് 8 മാസക്കാലമായിട്ടും 9,473/- രൂപയുടെ മരുന്നുകൾ വിതണം ചെയ്യാൻ ഔഷധിക്ക് സാധിച്ചിട്ടില്ല.

വയോജനങ്ങൾക്ക് മരുന്നു വിതരണം എന്ന പ്രോജക്ടിനായി മുൻകൂർ നൽകിയ 2,00,000/- രൂപയിൽ 1,86,623/- രൂപയുടെ മരുന്നുകൾ മാത്രമേ ഓഡിറ്റ് തിയതി വരെയും നിർവഹണ ഉദ്യോഗസ്ഥന് ലഭിച്ചിട്ടുള്ളൂ. 13,377/- രൂപയുടെ മരുന്നുകൾ ഔഷധി എത്തിച്ചു നൽകിയിട്ടില്ല.

ഔഷധങ്ങളുടെ വിതരണം ഇത്തരത്തിൽ വച്ചു നീട്ടുന്നത് ശരിയല്ല. രോഗികൾക്ക് യഥാസമയം മരുന്നുകൾ ലഭിക്കേണ്ടതുണ്ട്. ഇതിനു തടസ്സം വരുത്തുന്ന രീതിയിൽ മരുന്നു വിതരണം വൈകുന്നത് പ്രോജക്ടുകളുടെ ഫലപ്രാപ്തിയെത്തന്നെ ബാധിക്കുന്നതാണ്.

ലഭിക്കാൻ ബാക്കിയുള്ള മരുന്നുകൾ ഉടൻ തന്നെ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് മുൻകൈയ്യെടുക്കേണ്ടതാണ്. കൂടാതെ വരും വർഷങ്ങളിലെ പ്രോജക്ടുകളിൽ, മരുന്നുകളുടെ വിതരണത്തിൽ കാലതാമസം ഉണ്ടാവാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 നിയമാനുസൃത സമയത്തിനുള്ളിൽ കരാർ ചമച്ചിട്ടില്ല- പിഴ തുക ഈടാക്കാത്തതിനാൽ നഷ്ടം

കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2009.6 ലെ വ്യവസ്ഥ അനുസരിച്ച് മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ലഭിച്ച കരാറുകാർ സെലക്ഷൻ നോട്ടീസുകളുടെ /ലെറ്റർ ഓഫ് ആക്സപ്റ്റൻസിന്റെ രജിസ്റ്റേർഡ് തപ്പാൽ തിയതി മുതൽ 14 ദിവസങ്ങൾക്കുള്ളിൽ ടെണ്ടറിംഗ് അധികാരിയുമായി കരാർ ചമച്ചിരിക്കേണ്ടതാണ്. എന്നാൽ ഈ 14 ദിവസങ്ങൾക്കുള്ളിൽ കരാർ ചമക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ കരാർ തുകയുടെ 1% പിഴയോടു കൂടി (കുറഞ്ഞത് 1000 രൂപ, കൂടിയത് 25,000 രൂപ) അടുത്ത 10 ദിവസങ്ങൾക്കുള്ളിൽ കരാർ ചമയ്ക്കാവുന്നതാണ്. പിഴ കൂടാതെയുള്ള 14 ദിവസങ്ങൾക്കും പിഴയോടു കൂടി കരാർ വയ്ക്കാവുന്ന 10 ദിവസങ്ങൾക്കുമുള്ളിൽ കരാർ ചമയ്ക്കാത്ത സാഹചര്യത്തിൽ ടെണ്ടറിംഗ് അധികാരിക്ക് ടെണ്ടർ ക്യാൻസൽ ചെയ്യാവുന്നതും വീഴ്ച വരുത്തിയ കരാറുകാരന്റെ ഇ.എം.ഡി. തുക കണ്ടു കെട്ടാവുന്നതുമാണ്. തൊട്ടടുത്ത നിരക്ക് ക്വാട്ട് ചെയ്ത ബിഡ്ഡറുമായി നെഗോസിയേഷൻ നടത്തി ആ ബിഡ്ഡർ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന്റെ നിരക്കിൽ പ്രവൃത്തി ചെയ്യാൻ സന്നദ്ധനാണെങ്കിൽ അപ്രകാരം ചെയ്യാവുന്നതും അല്ലെങ്കിൽ പ്രവൃത്തി റീടെണ്ടർ ചെയ്ത് നടപ്പിലാക്കാവുന്നതുമാണ്.

എന്നാൽ 2020-21 വർഷം നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ കരാറുകളിൽ ഏർപ്പെടുന്നതു സംബന്ധിച്ച മേൽ നിബന്ധകൾ പാലിച്ചിട്ടില്ല എന്ന് കാണുന്നു.

1. പ്രോജക്ട് നം 103/21- പാക്യാര ജുമാ മസ്ജിദ് കൊങ്ങിണിയൻ വളപ്പ് നടപ്പാത കോൺക്രീറ്റിംഗ്

കരാറുകാരൻ- ബോവാസ് എലിയാസ് ചന്ദ്ര ബോസ്

കരാർ നമ്പർ- AE/LSGD/UP/29/20-21, തിയതി 21.12.2020

ടെണ്ടർ ചെയ്ത പി.എ.സി- 2,47,001 രൂപ

ഈ പ്രവൃത്തിയുടെ സെലക്ഷൻ നോട്ടീസിന്റെ തിയതി 03.11.2020 ആണ്. ആയതിനാൽ 17.11.2020 നുള്ളിൽ പിഴയില്ലാതെയും 27.11.2020 നുള്ളിൽ 1% പിഴയോടു കൂടിയും കരാറുകാരന് പ്രവൃത്തിക്കായി കരാർ ചമയ്ക്കാമായിരുന്നു. പ്രവൃത്തിക്കായി കരാർ ഉണ്ടാക്കിയിരിക്കുന്നത് 21.12.2020 നാണ്. കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ നിയമപ്രകാരമുള്ള പിഴ തുക ഈടാക്കാൻ ബാദ്ധ്യസ്ഥനായിരുന്നു. എന്നാൽ പിഴ തുക ഈടാക്കാതെ കരാറിൽ ഏർപ്പെടുകയാണുണ്ടായത്. അത് കൊണ്ട് പഞ്ചായത്തിന് കരാർ തുകയുടെ 1% ആയ 2,470/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഈ തുക കരാറുകാരനുമായി കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

2. പ്രോജക്ട് നം 92/21- കുളിക്കുന്ന് പുതിയ കണ്ടം നടപ്പാത കോൺക്രീറ്റിംഗ്

കരാറുകാരൻ- മുഹമ്മദ് ഷെറീഫ്.പി

കരാർ നമ്പർ- AE/LSGD/UP/30/20-21, തിയതി 31.12.2020

ടെണ്ടർ ചെയ്ത പി.എ.സി- 5,33,813 രൂപ

ഈ പ്രവൃത്തിയുടെ സെലക്ഷൻ നോട്ടീസിന്റെ തിയതി 03.11.2020 ആണ്. ആയതിനാൽ 17.11.2020 നുള്ളിൽ പിഴയില്ലാതെയും 27.11.2020 നുള്ളിൽ 1% പിഴയോടു കൂടിയും കരാറുകാരന് പ്രവൃത്തിക്കായി കരാർ ചമയ്ക്കാമായിരുന്നു. പ്രവൃത്തിക്കായി കരാർ ഉണ്ടാക്കിയിരിക്കുന്നത് 31.12.2020 നാണ്. കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ നിയമപ്രകാരമുള്ള പിഴ തുക ഈടാക്കാൻ ബാദ്ധ്യസ്ഥനായിരുന്നു. എന്നാൽ പിഴ തുക ഈടാക്കാതെ കരാറിൽ ഏർപ്പെടുകയാണുണ്ടായത്. അത് കൊണ്ട് പഞ്ചായത്തിന്

കരാർ തുകയുടെ 1% ആയ 5,338/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഈ തുക കരാറുകാരനുമായി കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.2, തിയതി 16.08.2021)

## 1-20 സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയിട്ടും കരാർ വയ്ക്കാത്ത കരാറുകാരന്റെ നിരതദ്രവ്യം ഫോർഫീറ്റ് ചെയ്തിട്ടില്ല

പ്രോജക്റ്റ് നം. 128/20- അംബാപുരം അമ്പലം റോഡ് റീ ടാറിംഗ്

ഫണ്ട്- ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 4,40,000

തനതു ഫണ്ട്- 35,000

ആകെ 4,75,000

ചെലവ്- ബിൽ നം 42/19- 4,40,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ചെക്ക് നം. 5272340/16.03.2020- 33,512 രൂപ ( തനതു ഫണ്ട് )

ആകെ 4,73,512

ഈ പ്രവൃത്തി ടെണ്ടർ ചെയ്തത് 21.08.2018 നാണ്. 0.1% കുറവ് നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.കെ.എ.അബ്ദുള്ളയുടേതായിരുന്ന ഏറ്റവും കുറഞ്ഞ ബിഡ്. പഞ്ചായത്ത് കമ്മിറ്റിയുടെ 11.10.2018 ലെ 10(8)/2018 നമ്പർ തീരുമാന പ്രകാരം ശ്രീ.കെ.എ.അബ്ദുള്ളയ്ക്ക് 30.10.2018 തീയതിയിലുള്ള സെലക്ഷൻ നോട്ടീസ് (നം.AE/LSGD/UP/188/2018) അയക്കുകയുണ്ടായി. എന്നാൽ അദ്ദേഹം കരാർ തയ്യാറാക്കി പ്രവൃത്തി ഏറ്റെടുത്തിട്ടില്ല. തുടർന്ന്, ടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.മുഹമ്മദ് സാജിദിന് 02.03.2019 ലെ നം.AE/LSGD/UP/58/2019 പ്രകാരം സെലക്ഷൻ നോട്ടീസ് അയക്കുകയും ടിയാൻ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുകയുമുണ്ടായി.

കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 ലെ വ്യവസ്ഥ അനുസരിച്ച് കരാർ ലഭിക്കുന്ന കരാറുകാരൻ നിശ്ചിത സമയത്തിലും കരാറിലേർപ്പെടാൻ തയ്യാറാകാത്ത സാഹചര്യങ്ങളിൽ തൊട്ടടുത്ത നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരനുമായി ബന്ധപ്പെട്ട് അദ്ദേഹം, പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാകാത്ത കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കിൽ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാണെങ്കിൽ പ്രവൃത്തി അദ്ദേഹത്തെ ഏൽപ്പിക്കേണ്ടതും അല്ലാത്ത പക്ഷം പ്രവൃത്തി റീടെണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ സെലക്ഷൻ നോട്ടീസ് അയച്ചിട്ടും പ്രവൃത്തി ഏറ്റെടുക്കാത്ത കരാറുകാരന്റെ നിരത ദ്രവ്യം ഫോർഫീറ്റ് ചെയ്യണമെന്നും ബിഡ് ഡോക്യുമെന്റുകളിൽ പറഞ്ഞിട്ടുള്ള മറ്റു ശിക്ഷാ നടപടികൾ സ്വീകരിക്കണമെന്നും മാന്വലിൽ വ്യക്തമാക്കിയിട്ടുണ്ട്.

ശ്രീ.കെ.എ.അബ്ദുള്ള സമർപ്പിച്ച നിരത ദ്രവ്യത്തിന്റെ വിവരങ്ങൾ ഒന്നും തന്നെ ഫയലിൽ ഇല്ല. ഈ പ്രവൃത്തിയുടെ ടെണ്ടർ നോട്ടീസ് ഫയലിൽ ഇല്ല. ടെണ്ടർ ചെയ്ത പി.എ.സി. തുകയുടെ (4,73,521 രൂപ) 2.5% കണക്കാക്കിയാൽ 11,830 രൂപ നിരത ദ്രവ്യമായി കരാറുകാരൻ ഒടുക്കിയിരിക്കണം. ഈ തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടിയിരുന്നു. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല. ആയതിനാൽ പഞ്ചായത്തിന് 11,830 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയത് രണ്ടാമതുണ്ടായിരുന്ന ബിഡ്ഡറായ ശ്രീ.ബി.കെ.മുഹമ്മദ് സാജിദിന് സെലക്ഷൻ നോട്ടീസ് അയച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-21 പ്രവൃത്തികളുടെ നിർവഹണത്തിലെ കാലതാമസം- പിഴ തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് തനതു വരുമാനമാക്കി മാറ്റി

പഞ്ചായത്തിന്റെ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കിയ ചുവടെ പരാമർശിക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിലുണ്ടായിട്ടുള്ള കാലതാമസത്തിന് കരാർ വ്യവസ്ഥകൾ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടുണ്ട്. കരാറുകാർക്ക് കരാർ വ്യവസ്ഥ പ്രകാരമുള്ള

സമയ പരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുന്നില്ലെങ്കിൽ പ്രവൃത്തികളുടെ നിർവഹണത്തിലുള്ള കാലതാമസത്തിനുള്ള പിഴ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി പൂരകകരാർ ചമച്ച് നിർവഹണ കാലാവധി രേഖാമൂലം നീട്ടി നൽകേണ്ടതാണ്. ഇപ്രകാരം കരാറുകാരിൽ നിന്നും കാലതാമസത്തിനുള്ള പിഴയിനത്തിൽ ഈടാക്കുന്ന തുക ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിൽ ഒടുക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ അവാർഡ് എന്നിവയിൽ നിന്നുമുള്ള പ്രവൃത്തികളുടെ ബിൽ തുകകൾ നൽകുമ്പോൾ പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസത്തിനു ചുമത്തിയ പിഴ തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ട്രഷറിയിലുള്ള സേവിങ്ങ്സ് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു. പ്രവൃത്തികളുടെ ബില്ലുകൾ തീർപ്പാക്കുമ്പോൾ പിഴ തുകകൾ ക്രമീകരിക്കുന്ന സംഗതിയിൽ യഥാർത്ഥത്തിൽ പ്രവൃത്തിയുടെ മൂല്യത്തുകയിൽ നിന്നും പിഴയിനത്തിലുള്ള തുക കുറവ് ചെയ്ത് ബാക്കി തുക മാത്രമേ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിക്കേണ്ടതുള്ളൂ. അതിനു പകരം പിഴ തുക അടക്കമുള്ള തുക പിൻവലിച്ച്, പിഴ തുക പഞ്ചായത്തിന്റെ സേവിങ്ങ്സ് അക്കൗണ്ടിലേക്ക് മാറ്റുക വഴി സർക്കാറിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും തുക പിൻവലിച്ച് ഗ്രാമ പഞ്ചായത്തിന്റെ വരുമാനം ആക്കി മാറ്റുന്നതിലേക്ക് വഴി വച്ചു. ഇത് ശരിയല്ല. 2020-21 വർഷത്തിൽ 55,312/- രൂപ ഇപ്രകാരം വകമാറ്റിയിട്ടുണ്ട്. ഈ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ് .

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 5, തി.16.08.2021 ) മറുപടി നൽകിയിട്ടില്ല.

| | പ്രവൃത്തിയുടെ പേര്,പ്രൊജക്റ്റ് നമ്പർ. | കരാറുകാരന്റെ പേര് | വൗച്ചർ നമ്പർ /തീയ്യതി | കാല താമസ ത്തിനുള്ള പിഴയിന ത്തിൽ ഈടാ ക്കിയ തുക |
|---|---|---|---|---|
| 1 | വെടിഞ്ഞാറക്കൽ കരിപ്പോടി വയൽ റോഡ് റീടാറിംഗ് ആന്റ് കോൺക്രീറ്റിംഗ് (പ്രൊ.നം. 249/21) | അവിനാഷ്.എ.കെ | 47/17.08.2020 (തുക ₹6,25,149) | ₹19,196/- |
| 2 | കോട്ടിക്കുളം ആറാട്ട്കടവ് ചന്ദ്രപുരം ബാക്കി ഭാഗം (പ്രൊ.നം. 251/21 | കെ.എ.അബ്ദുള്ള | 42/17.08.2020 (തുക ₹7,95,633) | ₹ 7,114/ |
| 3 | കുണ്ടിൽ തറവാട് ഉദയമംഗലം റോഡ് ടാറിംഗും സ്ലാബ് കൾവർട്ട് നിർമാണവും | യൂസഫ്.പി | 32/30.06.2020 (തുക ₹6,80,661) | ₹6,162/- |

| | | | | |
|---|---|---|---|---|
| | (പ്രൊ.നം. 199/21) | | | |
| 4 | കൊവ്വൽ വളപ്പ് വയൽ റോഡ് ടാറിംഗ് (പ്രൊ.നം. 187/21) | കെ.എ.അബ്ദുള്ള | 57/11.12.2020 (തുക ₹4,02,153) | ₹4,249/- |
| 5 | കുണ്ടോളംപാറ കമ്മ്യൂണിറ്റി ഹാൾ മുക്കുന്നോത്ത് വയൽ റോഡ് റീടാറിംഗ് (പ്രൊ.നം.216/21) | കെ.എ.അബ്ദുള്ള | 70/20.03.2020 (തുക ₹2,69,084) | ₹3,995/- |
| 6 | കല്ല്യാണപുരം വെടിക്കുന്ന് റോഡ് ടാറിംഗ്, റീ ടാറിംഗ് (പ്രൊ.നം. 177/21 | യൂസഫ്.പി | 77/25.03.2021 (തുക ₹2,50,000) | ₹7,681/- |
| 7 | MCFകെട്ടിട നിർമാണം (പ്രൊ.നം. 197/21) | മുഹമ്മദ് ഷെറീഫ്.പി | 96/31.03.2021 (തുക ₹2,31,960) | ₹6,915/- |
| | ആകെ | | | 55,312/- രൂപ |

**1-22 തനതു ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികളുടെ റിക്കവറി തുകകൾ അടച്ചതിന് രേഖകൾ ഇല്ല.**

തനത് ഫണ്ട്, കേന്ദ്രാവിഷ്കൃത ഫണ്ട് എന്നിവ ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ ഗ്രോസ് ചെലവു തുകകൾ ചെക്ക് മുഖേന പഞ്ചായത്ത് സെക്രട്ടറി അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറുകയാണ് ചെയ്യുന്നത്. ഇതിൽ നിന്നും ആദായ നികുതി, ജി.എസ്.ടി., നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ അസിസ്റ്റന്റ് എഞ്ചിനീയർ ഒടുക്കേണ്ടതുണ്ട്. ആദായ നികുതി ഒടുക്കിയതിന്റെ ചലാൻ, ജി.എസ്.ടി ഒടുക്കിയതിന്റെ രശീതി/റിട്ടേൺസിന്റെ പകർപ്പ്, നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കിയതിന്റെ രശീതി എന്നിവ അസിസ്റ്റന്റ് എഞ്ചിനീയർ അതാത് പ്രവൃത്തികളുടെ ഫയലുകളിൽ തെളിവായി സൂക്ഷിക്കേണ്ടതാണ്. എന്നാൽ 2020-21 വർഷം തനതു ഫണ്ട് / കേന്ദ്ര ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ ഫയലുകളിൽ ഈ രേഖകൾ സൂക്ഷിച്ചിട്ടില്ല.

2020-21 വർഷം തനതു ഫണ്ട് ചെലവഴിച്ച് നടപ്പിലാക്കിയ മുഴുവൻ പ്രവൃത്തികളുടെയും ആദായ നികുതി, ജി.എസ്.ടി, നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ ഒടുക്കിയതിന്റെ രേഖകൾ കണ്ടെത്തി ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയുടെ കൂടെ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-23 ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല.**

01.11.2017 ലെ സ.ഉ(അച്ചടി) നം. 87/2017/ത.സ്വ.ഭ.വ. പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. ഫിനാൻസ് വകുപ്പിന്റെ 01.03.2019 ലെ സർക്കുലർ നമ്പർ 18/2019/ഫിൻ പ്രകാരം ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിനുള്ള രീതി വിശദമാക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കേരള പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06.03.2019 ലെ CE/Admin/PLA//EMP/1014/(A)/05 നമ്പർ സർക്കുലർ മുഖേന 15.03.2019 മുതൽ നിലവിൽ വന്ന പുതുക്കിയ കോസ്റ്റ് ഇന്റക്സ് അടിസ്ഥാനമാക്കി എസ്റ്റിമേറ്റുകൾ തയ്യാറാക്കിയ പ്രവൃത്തികൾക്ക് 2020-21 ൽ ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചിട്ടുണ്ട്.

01.11.2017 ലെ സ.ഉ(അച്ചടി) നം. 87/2017/ത.സ്വ.ഭ.വ. ഉത്തരവിന്റെ തുടർ ഉത്തരവായി 29.09,2018 ൽ പുറപ്പെടുവിച്ച ജി.ഒ.(ആർ.ടി)നം.2532/2018/ത.സ്വ.ഭ.വ. ഉത്തരവിൽ ജി.എസ്.ടി. കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of Final Settlement Of Contract Amount And Declaration By The Contractor) അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

2020-21 ൽ ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ഈ മാതൃകയിലുള്ള ഡിക്ലറേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ കൈപ്പറ്റിയിട്ടില്ല. ആയതിനാൽ ഈ പ്രവൃത്തികളിൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. ജി.എസ്.ടി. കോമ്പൻസേഷൻ കൈപ്പറ്റിയ കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ വാങ്ങി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും തുകയിൽ ക്രമീകരണങ്ങൾ വേണ്ട പക്ഷം അവ നടപ്പിലാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.6, തിയതി. 16.08.2021)

## 1-24 റീട്ടെൻഷൻ തുക പിടിക്കാതെ പാർട്ട് ബിൽ നൽകി- പ്രവൃത്തി നാളിതു വരെ പൂർത്തിയായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 95/21- ഉദുമ എഫ്.എച്ച്.സി നവീകരണം |
| വകയിരുത്തിയ തുക-<br>മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 6,00,000 |
| ചെലവ്- (വൗച്ചർ നം. 102/20-21, തിയതി 31.03.2021) പാർട്ട് ബിൽ | 1,68,169 |
| കരാറുകാരൻ- | എം.എച്ച്.അബ്ദുൾ ഖാദർ |

ഈ പ്രവൃത്തിയിൽ കരാറുകാരന് പാർട്ട് ബിൽ നൽകിയിരിക്കുന്നത് ചുവടെ ചേർത്ത പ്രകാരമാണ്.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 1,50,169 |
| (+) 12% ജി.എസ്.ടി | 18,020 |
| ആകെ | 1,68,169 |
| (-) ആദായ നികുതി - 1,502 | 6,008 |
| (-) ജി.എസ്.ടി- 3,004 | |
| | |

| | |
|---|---|
| (-) നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം- 1,502 | |
| കരാറുകാരന് നൽകിയ തുക | 1,62,161 |

പാർട്ട് ബില്ലിൽ നിന്ന് റീട്ടെൻഷൻ തുക ഈടാക്കിയിട്ടില്ല. ഈ പ്രവൃത്തിയുടെ അളവ് പുസ്തകം (നം.218/20-21) പ്രകാരം കരാറുകാരൻ അവസാനമായി പ്രവൃത്തി ചെയ്തിട്ടുള്ളത് 17.03.2021 ന് ആണ്. പാർട്ട് ബിൽ നൽകിയതിനു ശേഷം നാളിതു വരെ കരാറുകാരൻ ഒരു പ്രവൃത്തിയും നടത്തിയിട്ടില്ല. ഇത്തരം സാഹചര്യങ്ങൾ നേരിടാനാണ് പാർട്ട് ബില്ലുകളിൽ നിന്ന് റീട്ടെൻഷൻ വയ്ക്കണമെന്ന് നിഷ്കർഷിക്കുന്നത്. ഈ പ്രവൃത്തിയുടെ പാർട്ട് ബിൽ നൽകുമ്പോൾ റീട്ടെൻഷൻ തുക പിടിക്കാത്തതിന് കാരണങ്ങൾ വ്യക്തമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14, തിയതി.16.08.2021) മറുപടി നൽകിയിട്ടില്ല.

പ്രവൃത്തിയുടെ നിലവിലെ സ്ഥിതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാനുള്ള ആഭ്യന്തര നിയന്ത്രണ സംവിധാനം എഞ്ചിനീയറിംഗ് വിങ്ങിലും പഞ്ചായത്തിലും നിലവിൽ വരുത്തേണ്ടതാണ്.

## 1-25 ടെണ്ടർ ചെയ്ത പ്രവൃത്തികൾ- കരാറുകാർ നിയമാനുസൃത സമയത്തിനുള്ളിൽ കരാർ ചമച്ചില്ല-പിഴ തുക ഈടാക്കാത്തതിനാൽ 11,735 രൂപ നഷ്ടം

കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2009.6 ലെ വ്യവസ്ഥ അനുസരിച്ച് മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ലഭിച്ച കരാറുകാർ സെലക്ഷൻ നോട്ടീസുകളുടെ / ലെറ്റർ ഓഫ് ആക്സപ്റ്റൻസിന്റെ രജിസ്റ്റേർഡ് തപാൽ തിയതി മുതൽ 14 ദിവസങ്ങൾക്കുള്ളിൽ ടെണ്ടറിംഗ് അധികാരിയുമായി കരാർ ചമച്ചിരിക്കേണ്ടതാണ്. എന്നാൽ ഈ 14 ദിവസങ്ങൾക്കുള്ളിൽ കരാർ ചമക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ കരാർ തുകയുടെ 1% പിഴയോടു കൂടി (കുറഞ്ഞത് 1000 രൂപ , കൂടിയത് 25,000 രൂപ) അടുത്ത 10 ദിവസങ്ങൾക്കുള്ളിൽ കരാർ ചമയ്ക്കാവുന്നതാണ്. പിഴ കൂടാതെയുള്ള 14 ദിവസങ്ങൾക്കും പിഴയോടു കൂടി കരാർ വയ്ക്കാവുന്ന 10 ദിവസങ്ങൾക്കും ഉള്ളിൽ കരാർ ചമയ്ക്കാത്ത സാഹചര്യത്തിൽ ടെണ്ടറിംഗ് അധികാരിക്ക് ടെണ്ടർ ക്യാൻസൽ ചെയ്യാവുന്നതും വീഴ്ച വരുത്തിയ കരാറുകാരന്റെ ഇ.എം.ഡി. തുക കണ്ടു കെട്ടാവുന്നതുമാണ്. തൊട്ടടുത്ത നിരക്ക് ക്വാട്ട് ചെയ്ത ബിഡ്ഡറുമായി നെഗോസിയേഷൻ നടത്തി ആ ബിഡ്ഡർ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന്റെ നിരക്കിൽ പ്രവൃത്തി ചെയ്യാൻ സന്നദ്ധനാണെങ്കിൽ അപ്രകാരം ചെയ്യാവുന്നതും അല്ലെങ്കിൽ പ്രവൃത്തി റീടെണ്ടർ ചെയ്ത് നടപ്പിലാക്കാവുന്നതുമാണ്.

എന്നാൽ 2020-21 വർഷം നടപ്പിലാക്കിയ 4 പ്രവൃത്തികളിൽ കരാറുകാർ അസിസ്റ്റന്റ് എഞ്ചിനീയറുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നത് സെലക്ഷൻ നോട്ടീസിന്റെ തിയതിക്കു ശേഷം 14 ദിവസങ്ങൾ എന്ന കാലയളവും പിന്നിട്ട് 24 ദിവസങ്ങൾക്കുള്ളിലാണ്. സ്വാഭാവികമായും കരാർ തുകയുടെ 1% പിഴയീടാക്കാതെ ഈ കരാറുകാരുമായി അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിയമപരമായി കരാറിൽ ഏർപ്പെടാവുന്നതല്ല. എന്നാൽ ഈ കരാറുകാരുമായി കരാറിൽ ഏർപ്പെട്ട് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളതായി കാണുന്നു.

നോട്ടിഫൈ ചെയ്ത 14 ദിവസങ്ങൾക്കു ശേഷമുള്ള കരാറുകൾ ആയതിനാൽ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2009.6 ലെ വ്യവസ്ഥ അനുസരിച്ചുള്ള പിഴ ഈടാക്കിക്കൊണ്ട് മാത്രമേ കരാറിൽ ഏർപ്പെടാമായിരുന്നുള്ളൂ. ഇപ്രകാരം പിഴ ഈടാക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>1. പ്രോജക്ട് നം 357/20- ബന്നംകുളം-റിഫയ്യ നഗർ വയൽ റോഡ് കോൺക്രീറ്റ്</u>

കരാറുകാരൻ-അസറുദ്ദീൻ.ഇ.എ

കരാർ നമ്പർ- 37/19-20/AE/LSGD/KMBLതിയതി 14-01-2020

ടെണ്ടർ ചെയ്ത പി.എ.സി- 377257രൂപ

ഈ പ്രവൃത്തിയുടെ സെലക്ഷൻ നോട്ടീസിന്റെ തിയതി 24-12-2019 ആണ്. ആയതിനാൽ 7-1-2020 നള്ളിൽ പിഴയില്ലാതെയും 17-1-2020 നള്ളിൽ 1% പിഴയോട്ടു കൂടിയും കരാറുകാരന് പ്രവൃത്തിക്കായി കരാർ ചമയ്ക്കാമായിരുന്നു. പ്രവൃത്തിക്കായി കരാർ ഉണ്ടാക്കിയിരിക്കുന്നത് 14-1-2020 നാണ്. കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ നിയമ പ്രകാരമുള്ള പിഴ തുക ഈടാക്കാൻ ബാദ്ധ്യസ്ഥനായിരുന്നു. എന്നാൽ പിഴ തുക ഈടാക്കാതെ കരാറിൽ ഏർപ്പെട്ടുകയാണുണ്ടായത്. അത് കൊണ്ട് പഞ്ചായത്തിന് കരാർ തുകയുടെ 1% ആയ 3772/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

<u>2. പ്രോജക്ട് നം 50/20- ബത്തേരി-മാക്കർ റോഡ് ഇന്റർലോക്ക്</u>

കരാറുകാരൻ- അബ്ദുള്ള കുഞ്ഞി.ബി

കരാർ നമ്പർ- 101/19-20/AE/LSGD/KMBL തിയതി 20-3-2020

ടെണ്ടർ ചെയ്ത പി.എ.സി- 267639രൂപ

ഈ പ്രവൃത്തിയുടെ സെലക്ഷൻ നോട്ടീസിന്റെ തിയതി 2-3-2020 ആണ്. ആയതിനാൽ 16-03-2020 നള്ളിൽ പിഴയില്ലാതെയും 26-3-2020 നള്ളിൽ 1% പിഴയോട്ടു കൂടിയും കരാറുകാരന് പ്രവൃത്തിക്കായി കരാർ ചമയ്ക്കാമായിരുന്നു. പ്രവൃത്തിക്കായി കരാർ ഉണ്ടാക്കിയിരിക്കുന്നത് 20-3-2020 നാണ്. കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ നിയമപ്രകാരമുള്ള പിഴ തുക ഈടാക്കാൻ ബാദ്ധ്യസ്ഥനായിരുന്നു. എന്നാൽ പിഴ തുക ഈടാക്കാതെ കരാറിൽ ഏർപ്പെട്ടുകയാണുണ്ടായത്. അത് കൊണ്ട് പഞ്ചായത്തിന് കരാർ തുകയുടെ 1% ആയ 2676/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

<u>3. പ്രോജക്ട് നം 214/20- ഷേഡിക്കാവ് ഗ്രൗണ്ട് ഇംപ്രൂവ്മെന്റ്</u>

കരാറുകാരൻ- അസറുദ്ദീൻ.ഇ.എ

കരാർ നമ്പർ- 99/19-20/AE/LSGD/KMBL തിയതി 20-03-2020

ടെണ്ടർ ചെയ്ത പി.എ.സി.- 261552/- രൂപ

ഈ പ്രവൃത്തിയുടെ സെലക്ഷൻ നോട്ടീസിന്റെ തിയതി 27-2-2020 ആണ്. ആയതിനാൽ 12-3-2020നള്ളിൽ പിഴയില്ലാതെയും 22-3-2020നള്ളിൽ 1% പിഴയോട്ടു കൂടിയും കരാറുകാരന് പ്രവൃത്തിക്കായി കരാർ ചമയ്ക്കാമായിരുന്നു. എന്നാൽ പ്രവൃത്തിക്കായി കരാർ ഉണ്ടാക്കിയിരിക്കുന്നത് 20-03-2020 നാണ്. കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ നിയമപ്രകാരമുള്ള പിഴ തുക ഈടാക്കാൻ ബാദ്ധ്യസ്ഥനായിരുന്നു. എന്നാൽ പിഴ തുക ഈടാക്കാതെ കരാറിൽ ഏർപ്പെട്ടുകയാണുണ്ടായത്. അത് കൊണ്ട് പഞ്ചായത്തിന് കരാർ തുകയുടെ 1% ആയ 2615/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

<u>4. പ്രോജക്ട് നം 161/20- കുണ്ടങ്കാരട്ക്ക പള്ളത്തരു ന്യൂറോഡ് കോൺക്രീറ്റ്</u>

കരാറുകാരൻ- അബ്ദുൾഗഫൂർ.കെ.വി

കരാർ നമ്പർ- 19/20-21/AE/LSGD/KMBL തിയതി 19-10-2020

ടെണ്ടർ ചെയ്ത പി.എ.സി- 267221 രൂപ

ഈ പ്രവൃത്തിയുടെ സെലക്ഷൻ നോട്ടീസിന്റെ തിയതി 1-10-2020 ആണ്. ആയതിനാൽ 15-10-2020 നള്ളിൽ പിഴയില്ലാതെയും 25-10-2020നള്ളിൽ 1% പിഴയോട്ടു കൂടിയും കരാറുകാരന് പ്രവൃത്തിക്കായി കരാർ ചമയ്ക്കാമായിരുന്നു.എന്നാൽ പ്രവൃത്തിക്കായി കരാർ ഉണ്ടാക്കിയിരിക്കുന്നത് 19-10-2020 നാണ്. കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ നിയമപ്രകാരമുള്ള പിഴ തുക ഈടാക്കാൻ ബാദ്ധ്യസ്ഥനായിരുന്നു. എന്നാൽ പിഴ തുക ഈടാക്കാതെ കരാറിൽ ഏർപ്പെട്ടുകയാണുണ്ടായത്. അത് കൊണ്ട് പഞ്ചായത്തിന് കരാർ തുകയുടെ 1% ആയ 2672/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

മേൽക്കാണിച്ച പ്രകാരമുള്ള ആകെ നഷ്ടത്തുകയായ 11,735/- രൂപ ബന്ധപ്പെട്ട കരാറുകാരിൽനിന്നോ ഉത്തരവാദിയായ എഞ്ചിനീയറിൽനിന്നോ ഈടാക്കേണ്ടതാണ്.

## <u>ഭാഗം -2</u>

## 2-1 ടെണ്ടർ ചെയ്ത പ്രവൃത്തികൾ- കരാറുകാർ നിയമാനുസൃത സമയത്തിനുള്ളിൽ കരാർ ചമച്ചിട്ടില്ല- പിഴ തുക ഈടാക്കാത്തതിനാൽ നഷ്ടം

കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2009.6 ലെ വ്യവസ്ഥ അനുസരിച്ച് മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ലഭിച്ച കരാറുകാർ സെലക്ഷൻ നോട്ടീസുകളുടെ/ലെറ്റർ ഓഫ് ആക്സപ്റ്റൻസിന്റെ രജിസ്റ്റേർഡ് തപ്പാൽ തിയതി മുതൽ 14 ദിവസങ്ങൾക്കുള്ളിൽ ടെണ്ടറിംഗ് അധികാരിയുമായി കരാർ ചമച്ചിരിക്കേണ്ടതാണ്. എന്നാൽ ഈ 14 ദിവസങ്ങൾക്കുള്ളിൽ കരാർ ചമക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ കരാർ തുകയുടെ 1% പിഴയോടു കൂടി (കുറഞ്ഞത് 1000 രൂപ, കൂടിയത് 25,000 രൂപ) അടുത്ത 10 ദിവസങ്ങൾക്കുള്ളിൽ കരാർ ചമയ്ക്കാവുന്നതാണ്. പിഴ കൂടാതെയുള്ള 14 ദിവസങ്ങൾക്കും പിഴയോടു കൂടി കരാർ വയ്ക്കാവുന്ന 10 ദിവസങ്ങൾക്കുമുള്ളിൽ കരാർ ചമയ്ക്കാത്ത സാഹചര്യത്തിൽ ടെണ്ടറിംഗ് അധികാരിക്ക് ടെണ്ടർ ക്യാൻസൽ ചെയ്യാവുന്നതും വീഴ്ച വരുത്തിയ കരാറുകാരന്റെ ഇ.എം.ഡി തുക കണ്ടു കെട്ടാവുന്നതുമാണ്. തൊട്ടടുത്ത നിരക്ക് ക്വാട്ട് ചെയ്ത ബിഡ്ഡറുമായി നെഗോസിയേഷൻ നടത്തി ആ ബിഡ്ഡർ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന്റെ നിരക്കിൽ പ്രവൃത്തി ചെയ്യാൻ സന്നദ്ധനാണെങ്കിൽ അപ്രകാരം ചെയ്യാവുന്നതും അല്ലെങ്കിൽ പ്രവൃത്തി റീടെണ്ടർ ചെയ്ത് നടപ്പിലാക്കാവുന്നതുമാണ്.

എന്നാൽ 2020-21 വർഷം നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ കരാറുകളിൽ ഏർപ്പെടുന്നതു സംബന്ധിച്ച മേൽ നിബന്ധകൾ പാലിച്ചിട്ടില്ല എന്ന് കാണുന്നു.

1. പ്രോജക്ട് നം 103/21- പാക്യാര ജുമാ മസ്ജിദ് കൊങ്ങിണിയൻ വളപ്പ് നടപ്പാത കോൺക്രീറ്റിംഗ്

കരാറുകാരൻ- ബോവാസ് എലിയാസ് ചന്ദ്ര ബോസ്

കരാർ നമ്പർ- AE/LSGD/UP/29/20-21, തിയതി 21.12.2020

ടെണ്ടർ ചെയ്ത പി.എ.സി- 2,47,001/- രൂപ

ഈ പ്രവൃത്തിയുടെ സെലക്ഷൻ നോട്ടീസിന്റെ തിയതി 03.11.2020 ആണ്. ആയതിനാൽ 17.11.2020 നുള്ളിൽ പിഴയില്ലാതെയും 27.11.2020 നുള്ളിൽ 1% പിഴയോടു കൂടിയും കരാറുകാരന് പ്രവൃത്തിക്കായി കരാർ ചമയ്ക്കാമായിരുന്നു. പ്രവൃത്തിക്കായി കരാർ ഉണ്ടാക്കിയിരിക്കുന്നത് 21.12.2020 നാണ്. കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ നിയമപ്രകാരമുള്ള പിഴ തുക ഈടാക്കാൻ ബാദ്ധ്യസ്ഥനായിരുന്നു. എന്നാൽ പിഴ തുക ഈടാക്കാതെ കരാറിൽ ഏർപ്പെടുകയാണുണ്ടായത്. അത് കൊണ്ട് പഞ്ചായത്തിന് കരാർ തുകയുടെ 1% ആയ 2,470/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഈ തുക കരാറുകാരനുമായി കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

2. പ്രോജക്ട് നം 92/21- കുളിക്കുന്ന് പുതിയ കണ്ടം നടപ്പാത കോൺക്രീറ്റിംഗ്

കരാറുകാരൻ- മുഹമ്മദ് ഷെറീഫ്.പി

കരാർ നമ്പർ- AE/LSGD/UP/30/20-21, തിയതി 31.12.2020

ടെണ്ടർ ചെയ്ത പി.എ.സി- 5,33,813/- രൂപ

ഈ പ്രവൃത്തിയുടെ സെലക്ഷൻ നോട്ടീസിന്റെ തിയതി 03.11.2020 ആണ്. ആയതിനാൽ 17.11.2020 നുള്ളിൽ പിഴയില്ലാതെയും 27.11.2020നുള്ളിൽ 1% പിഴയോടു കൂടിയും കരാറുകാരന് പ്രവൃത്തിക്കായി കരാർ ചമയ്ക്കാമായിരുന്നു. പ്രവൃത്തിക്കായി കരാർ ഉണ്ടാക്കിയിരിക്കുന്നത് 31.12.2020 നാണ്. കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ നിയമപ്രകാരമുള്ള പിഴ തുക ഈടാക്കാൻ ബാദ്ധ്യസ്ഥനായിരുന്നു. എന്നാൽ പിഴ തുക ഈടാക്കാതെ കരാറിൽ ഏർപ്പെടുകയാണുണ്ടായത്. അത് കൊണ്ട് പഞ്ചായത്തിന് കരാർ തുകയുടെ 1% ആയ 5,338/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഈ തുക കരാറുകാരനുമായി കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.2, തിയതി 16.08.2021)

## ഭാഗം -3

### 3-1 പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതി വാഹന വാടക - അംഗീകരിച്ചതിലും അധിക നിരക്ക് അനുവദിച്ചു.

| | |
|---|---|
| പ്രോജക്ട് നം. | 156/2020 |
| പ്രോജക്ടിന്റെ പേര് | പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം, ഉദുമ |
| അടങ്കൽ | 2,32,220/- രൂപ (വികസന ഫണ്ട്- ജനറൽ) |
| ചെലവ് തുക | 2,23,935/-രൂപ |
| ബിൽ നമ്പർ, തീയ്യതി | നം. 04/2020-21, തീയ്യതി 30.03.2020 (ക്യൂ ബിൽ, പണമായി മാറിയത് 15.05.2020 ന്) |

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതിയുടെ നിർവഹണത്തിനായി വികസന ഫണ്ടിൽ നിന്നും 2,23,935/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന ഭവനങ്ങളിലേക്ക് സന്ദർശനത്തിന് വേണ്ടി വാഹനം വാടകയ്ക്ക് എടുക്കുന്നതുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ 22.03.2019 തീയ്യതിയിലെ 103/2019 നം. പ്രകാരം ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട്. പ്രതിദിന നിരക്കിൽ ഏറ്റവും കുറവ് തുകയായ 1,100/- രൂപ രേഖപ്പെടുത്തിയ രഘൂത്തമൻ ആറാട്ടുകടവ് (വാഹന നം. KL 59 B 6156) എന്നയാളുടെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ പ്രകാരം അംഗീകരിച്ചതിലും അധിക നിരക്കിൽ വാഹന വാടക അനുവദിച്ചു നൽകുകയാണുണ്ടായത്. തുക ചെലവഴിച്ചതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നമ്പർ, തീയ്യതി | തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ | അനുവദിച്ച് നൽകിയ തുക | അനുവദനീയമായ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | 4/2020-21, 30.03.20200 | 30.01.2020 മുതൽ 27.03.2020 വരെയുള്ള കാലയളവിലെ 48 ദിവസത്തെ വാഹന വാടക | 48x1200= 57,600/- | 48x1100= 52,800/- | 4,800/- |

വാഹന വാടകയിൽ പ്രതിദിന നിരക്കിൽ അംഗീകരിച്ചതിലും അധികം തുക അനുവദിച്ച് നൽകിയതിനു വിശദീകരണം ആവശ്യമാണ്. അധികം നൽകിയ തുകയായ 4,800/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൂടാതെ ഭരണ സമിതി ക്വട്ടേഷൻ അംഗീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം. 19/17.08.2021).

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2020-21 | 16-08-2021 & 17-08-2021 | അനുബന്ധം 1 ൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട് |

### 4-2 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 5,00,000 | അങ്കണവാടി പോഷകാഹാരം | 4,93,241 | 6,759 |
| | | 4,00,000 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 1,22,784 | 2,77,216 |
| | | 2,00,000 | ശാരീരിക മാനസിക വെല്ലുവിളി കൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,00,000 | 0 |
| | | 4,25,000 | നെൽകൃഷി വികസനം | 3,87,039 | 37,961 |
| | | 51,880 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 518,80 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 3,00,000 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 3,00,000 | 0 |
| | | 1,00.000 | പെയിൻ ആൻറ് പാലിയേറ്റീവ് പദ്ധതി 2020-21 | 1,00,000 | 0 |
| | | 5,00,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 5,00,000 | 0 |
| | | 19,18,447 | ലൈഫ് ഭവനപദ്ധതി (ജനറൽ)-2020-21 | 11,58,447 | 7,60,000 |
| കേരള വാട്ടർ അതോറിറ്റി | | 8,00,000 | മേൽബാര കുടിവെള്ളപദ്ധതി | 8,00,000 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി

നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | മേൽബാര കുടിവെള്ള പദ്ധതി | 22000693/ 27.08.2020<br>22000455/ 30.9.2020 | 8,00,000<br>2,00,000 | 8,00,000<br>2,00,000 | 0<br>0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/ വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പയിനത്തിൽ ലഭിച്ചതും തിരിച്ചടച്ചതുമായ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| Life Housing Scheme | 151/2017,തീയതി 31-07-2017 | 1,70,87,714 | 66,43,714 (ഈ വർഷം ലഭിച്ചത് 1,04,44,000) ആകെ -1,70,87,714 | 11,56,587 | | 1,59,31,127 |

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1542890 |
| തൻ വർഷം നിക്ഷേപിച്ച തുക | 120685 |
| ആകെ | 1663575 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 16,63,575 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | ട്രഷറി/പോസ്റ്റ് ഓഫീസ്) | | | | |
| 1 | ഉദ്ദമ വനിതാ സർവീസ് സഹകരണ സൊസൈറ്റി | 8.10.2020 | 8.10.2021 | 4,27,910 | രശീതി നമ്പർ 2394 |
| 2 | - ടി - | 30.9.2020 | 30.9.2021 | 4,32,723 | രശീതി നമ്പർ 4264 |
| 3 | കാസറഗോഡ് ജില്ലാസഹകരണ ബാങ്ക് | 27.9.2020 | 27.9.2021 | 3,94,569 | രശീതി നമ്പർ 11304 |
| 4 | കേരള സംസ്ഥാന സഹകരണ ബാങ്ക് | 26.9.2020 | 26.9.2021 | 4,08,373 | രശീതി നമ്പർ 4038 |
| ആകെ | | | | 16,63,575 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 35,810രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 1(12) | 27566 | സുദേവൻ.വി.ഡി., വയർലെസ്.ടി.ടി., ഇൻഫോസർവീസ് ലിമിറ്റഡ് | 120040500191 തീയതി 27-03-2021 |
| 2018-19 | 1(13) | 100 | സുഹറW/O പി.മുഹമ്മദ്കുഞ്ഞി | 120040102766 തീയതി 19-10-2020 |
| 2018-19 | 1(24) | 4080 | മുഹമ്മദ് ഷെരീഫ്.പി., ബാര | 120040107723 തീയതി 10-03-2-21 |
| 2018-19 | 1(24) | 4064 | മുഹമ്മദ് ഷെരീഫ്.പി., ബാര | 120040102724 തീയതി 10-03-2021 |
| ആകെ | | 35810 | | |

## 4-8 സമാഹ്യത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 | വിഷയാധിഷ്ഠിത അവലോകനം | 2013-14 | 5.2.4.1 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂൾ | തുടരുന്നു |
| 2013-14 | വിഷയാധിഷ്ഠിത അവലോകനം | 2013-14 | 5.2.4.1 | എം.ജി.എൽ.സി അടിസ്ഥാന സൗകര്യങ്ങൾ കുറവ് | തുടരുന്നു |
| 2014-15 | 2(9),2(10),2(11) | 2016-17 | ഖണ്ഡിക1 അനുബന്ധം3 | വസ്തു നികുതി | തുടരുന്നു |
| 2014-15 | 2(12), 2(13) | 2016-17 | ഖണ്ഡിക2 അനുബന്ധം4 | തൊഴിൽ നികുതി | തുടരുന്നു |
| 2015-16 | 2(5),2(6),2(7), 2(8),2(9) | 2016-17 | ഖണ്ഡിക2 അനുബന്ധം5 | തൊഴിൽ നികുതി | തുടരുന്നു |

## 4-9 ചാർജ്, സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 112496225 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 117547951 |
| വരവിനങ്ങളിലുള്ള നഷ്ടം | 7808 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4800 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1066000 |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 7808 | - | രമ്യ.ടി.വി, അസിസ്റ്റന്റ് |

| | | | |
|---|---|---|---|
| | | | എഞ്ചിനീയർ, എൽ. എസ്. ജി. ഡി., ഉദുമ ഗ്രാമ പഞ്ചായത്ത് |
| 3-1 | - | 4800 | ഡോ. മുഹമ്മദ്, മെഡിക്കൽ ഓഫീസർ (FHC)ഡോ. മുഹമ്മദ്, മെഡിക്കൽ ഓഫീസർ (FHC) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 1000000 | ടി.പി.ശശീന്ദ്രൻ, സെക്രട്ടറി |
| 1-18 | 66000 | ഗോവിന്ദൻ സി.വി, ഹെഡ് മാസ്റ്റർ |
| ആകെ | 1066000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.മുഹമ്മദ്, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, FHC ഉദുമ | മറിയം മൻസിൽ, കോളിച്ചൽ റോഡ്, കളനാട് (പിഒ), കാസറഗോഡ് |
| രമ്യ.ടി.വി., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ. എസ്. ജി. ഡി. ഉദുമ ഗ്രാമ പഞ്ചായത്ത് | അഭിരാമം, പേരോൽ, നീലേശ്വരം (പി.ഒ), നീലേശ്വരം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1981-82 | LFC.8/216/86തീയ്യതി 07-06-1986 | 18 |

| | | |
|---|---|---|
| 1987-88മുതൽ 1988-89 വരെ | LF/KSD.2/40/97തീയ്യതി 05.03.1997 | 14 |
| 1989-90 മുതൽ 1990-91 വരെ | LF/KSD.5/475/98തീയ്യതി 04.03.1999 | 12 |
| 1991-92 | LF/KSD.5/21/98തീയ്യതി28.03.1999 | 14 |
| 1992-93 മുതൽ 1995-96 വരെ | LF/KSD. 4/269/03 തീയ്യതി 04.06.2008 | 11 |
| 1996-97 | LF/KSD. 5/530/99 തീയ്യതി 06.11.1999 | 12 |
| 1997-98 | LF/KSD.5/594/99തീയ്യതി 02.02.2000 | 20 |
| 1998-99 | കെ.എസ്.എ. കെ.എസ്.ഡി-8/912/2019തീയ്യതി 26-07-2021 | 35 |
| 2000-01 | KSA/KSD.8/914/2019 തീയ്യതി 27-07-2021 | 3 |
| 2000-01(പ്ലാൻ) | LF/KSD. 4/629/03 തീയ്യതി 06.02.2004 | 16 |
| 2001-02 (പ്ലാൻ) | LF/KSD. 4/784/04 തീയ്യതി 05.12.2005 | 4 |
| 2001-02 | KSA/KSD. 8/1008/2019തീയ്യതി 26-07-2021 | 1 |
| 2002-03 | KSA/KSD.8/913/2019 തീയ്യതി 26-07-2021 | 3 |
| 2003-04 | KSA/KSD.8/33/2019 തീയ്യതി 01.06.2019 | 11 |
| 2004-05 | KSA/KSD.8/33/2019 തീയ്യതി 01.06.2019 | 11 |
| 2005-06 | KSA/KSD.8/33/2019 തീയ്യതി 01.06.2019 | 9 |
| 2006-07 | LF/KSD.6/697/11 തീയ്യതി31.12.2011 | 13 |
| 2007-08 | LF/KSD.3/830/12 തീയ്യതി 11.12.2012 | 14 |
| 2008-09 | LF/KSD. 6/250/12 തീയ്യതി 10.08.2012 | 8 |
| 2009-10 | LF/KSD. 6/235/12 തീയ്യതി 09.08.2012 | 8 |
| 2010-11 & 2011-12 | LF/KSD.9/594/13തീയ്യതി 6.03.2014 | 7 |
| 2012-13 & 2013-14 | LF/KSD. 8/570/16തീയ്യതി 22.08.2016 | 5 |
| 2014-15 | KSA/KSD./1278/2015.തീയ്യതി 31.12.2015 | 20 |
| 2015-16 | KSA/KSD.8/1021/2016.തീയ്യതി 15.10.16 | 23 |
| 2016-17 | KSA/KSD.8/638/2017.തീയ്യതി 17.06.2017 | 20 |
| 2017-18 | KSA/KSD.8/561/2019.തീയ്യതി 16-07-2019 | 6 |
| 2018-19 | KSA/KSD.8/1224/2019./ 09.01.2020 | 32 |

| | | |
|---|---|---|
| 2019-20 | KSA/KSD.8/591/2021 Dt. 28.09.2021 | 26 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Udma Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 12222479.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 156549.00 |
| 140000000 | Fee & User Charges | I-4(b) | 1695099.00 |
| 150000000 | Sale & Hire Charges | I-5(b) | 141867.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 174948583.00 |
| 170000000 | Income from Investments | I-7 | 120685.00 |
| 171000000 | Interest Earned | I-8 | 1172809.00 |
| 180000000 | Other Income | I-9 | 105284.00 |
| | Total Income | | 190563355.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11760029.00 |
| 220000000 | Administrative Expenses | I-11(b) | 1470760.00 |
| 230000000 | Operations & Maintenance | I-12(b) | 2291507.00 |
| 240000000 | Interest & Finance Charges | I-13 | 910.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8796608.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 60194131.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 5070576.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 3078644.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 71138700.00 |
| 255000000 | Maintenance Projects | I-14(e) | 15911485.00 |
| | Total Expenditure | | 179713350.00 |
| | Gross Surplus/ Deficit of income over Expenditure | | 10850005.00 |
| 280000000 | Prior Period Item | I-18 | 43989.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 10806016.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## 4

## റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| Udma Grama Panchayat<br>RECEIPT & PAYMENT STATEMENT |
|---|
| For the period from 01-April-2020 to 31-March-2021 |

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 48765736.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1929220.00 |
| 130000000 | Rental income from Panchayat Properties | RP-3 | 1000.00 |
| 140000000 | Fees & User Charges | RP-4 | 1348949.00 |
| 150000000 | Sale & Hire Charges | RP-5 | 141867.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 74056903.00 |
| 171000000 | Interest Earned | RP-9 | 1172809.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 11835071.00 |
| 350000000 | Other Liabilities | RP-36 | 443660.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 105284.00 |
| 330000000 | Secured Loans | RP-32 | 10444000.00 |
| 340000000 | Deposits Received | RP-34 | 200744.00 |
| 350000000 | Other Liabilities | RP-36 | 586702.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 10230016.00 |
| | **Grand total** | | **161261961.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 3243561.00 |
| 220000000 | Administrative Expenses | RP-12 | 1192830.00 |
| 230000000 | Operations & Maintenance | RP-13 | 2190719.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 8316608.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 27019335.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3971398.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 3078644.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 1449000.00 |
| 255000000 | Maintenance Projects | RP-20 | 15911485.00 |
| 280000000 | Prior Period item | RP-26 | -26260.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 69039.00 |
| 350000000 | Other Liabilities | RP-36 | 6369456.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 910.00 |
| 280000000 | Prior Period Item | RP-26 | -7705.00 |
| 340000000 | Deposits Received | RP-34 | 181647.00 |
| 341000000 | Deposit Works | RP-35 | 1000.00 |
| 350000000 | Other Liabilities | RP-36 | 2416806.00 |
| 410000000 | Fixed Assets | RP-38 | 6923088.00 |
| 412000000 | Capital work in Progress | RP-40 | 9693503.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 13305228.00 |
| 440000000 | Pre-paid Expenses | RP-45 | 10444000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1803659.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 43714010.00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **161261961.00** |

## 5

## ബാലൻസ് ഷീറ്റ്

| **Udma Grama Panchayat BALANCE SHEET** | | | |
|---|---|---|---|
| As on 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 69488088.10 |
| 312000000 | Reserves | B-3 | 55050007.00 |
| | **Total Reserve & Surplus** | | **124538095.10** |
| | **Grants, Contributions for Specific Purposes** | | |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 9319188.00 |
| | **Total Grants, Contributions for Specific Purposes** | | **9319188.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 15931127.00 |
| | **Total Loans** | | **15931127.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 369575.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2557793.00 |
| | **Total Current Liabilities and Provisions** | | **2927368.00** |
| | **TOTAL LIABILITIES** | | **152715778.10** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 129094185.00 |
| 411000000 | Accumulated Depreciation | B-11 | -56632464.90 |
| 412000000 | Capital Work in Progress | B-11(a) | 174425.00 |
| | **Total Fixed Assets** | | **72636145.10** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 1663575.00 |
| | **Total Investments** | | **1663575.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 15403392.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 15931127.00 |
| 450000000 | Cash and Bank Balance | B-17 | 43714010.00 |
| | | | |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | B-18 | 3367529.00 |
| | **Total Current Assets, Loans and Advances** | | **0.0** |
| | **Total Current Assets, Loans and Advances** | | **78416058.00** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | **TOTAL ASSETS** | | **152715778.10** |